# Bulletin

## *Irinjalakuda Diocese*

2023 JUNE
Vol. 10 Issue : 06



"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"
(മത്തായി 25 : 40)



"എന്റെ കർത്താവേ എന്റെ ദൈവമേ"
(യോഹന്നാൻ 20:28)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
### COLLEGE OF ENGINEERING AND TECHNOLOGY
PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

**COURSES OFFERED:**

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

-Lumen
IDET
INNOVATION IS INVENTION

## SAHṚDAYA-LUMEN ACADEMY
### COMPETITIVE EXAM COACHING CENTRE
**Irinjalakuda, Thrissur, Kerala, Pin: 680 121**
**Web:www.sahrdayalumenacademy.com**
**Ph.: 8289847600, 7994148803**

**PSC / BANK / SSC / K-Tet / UPSC Coaching**

## SAHṚDAYA
### COLLEGE OF ADVANCED STUDIES
EVER TO EXCEL
P.B. NO. 18, KODAKARA P.O., THRISSUR, 680 684
scasadmission@gmail.com, info@sahrdayacas.ac.in

www.sahrdayacas.ac.in
Apply Online

ADMISSION ENQUIRY
9446940458
9400063194
9497233713
0480 2713713

**UG & PG COURSES OFFERED**

B Com Professional, B Com Finance, B Com Computer Application, B Com Banking, B Com Taxation, BCA, BBA Finance, B Sc Psychology, B Sc Computer Science, B Sc Information Technology, B Sc Physics, B Sc Chemistry, B Sc Mathematics, B Sc Geology, B.A English with Journalism, B.A Malayalam with Journalism

M Com Finance, M Sc Psychology, M Sc Clinical Psychology, MSW, M Sc Computer Science, M.A English

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA (UK) , CMA (US), CFA (US), FINTECH (US), CMA (IND), CS, LOGISTICS & SUPPLY CHAIN MANAGEMENT (CILT-UK), BUSSINESS ANALYTICS,CFP, CAT,AVIATION,CPA (US), ARTIFICIAL INTELLIGENCE (AI), BEC,FCE,CAE(CAMBRIDGE ENGLISH ASSESMENT ENGLISH), GIS, PERSON CENTERED THERAPY, COUNSELLNG SKILLS & PSYCHO THERAPY, TRANSACTIONAL ANALYSIS, DATA SCIENCE & MACHINE LEARNING

LEARN LEAD SERVE

## SAHṚDAYA
### INSTITUTE OF MANAGEMENT STUDIES
PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

**MBA @ SIMS COURSES OFFERED:**

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management


ഇടയധർമ്മത്തിന്റെ 13 വർഷങ്ങൾ പൂർത്തിയാക്കി
ജൂൺ 29–ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
ഇരിങ്ങാലക്കുട രൂപത ബിഷപ്പ്
മാർ പോളി കണ്ണൂക്കാടൻ പിതാവിന്
പ്രാർത്ഥനാശംസകൾ...

MY LORD, MY GOD

JUNE - 2023

Vol.: 10 Issue: 06


# Bulletin
# Irinjalakuda Diocese

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 06 |
| സർക്കുലർ | 10 |
| കച്ചേരികാര്യങ്ങൾ | 11 |
| എരവത്തൂർ, സെന്റ് മേരീസ് ചർച്ച് | 15 |
| ആദരാഞ്ജലികൾ | 19 |
| അനുസ്മരണദിനങ്ങൾ | 20 |
| സ്മരണാഞ്ജലി | 20 |
| മതബോധനം | 21 |
| സെന്റ് പോൾസ് മൈനർ സെമിനാരി | 27 |
| അൾത്താരസംഘം | 29 |
| ബ്ലസ് എ ഹോം | 31 |
| നവചൈതന്യ | 32 |
| ബൈബിൾ അപ്പസ്തോലേറ്റ് | 33 |
| പാക്സ് | 34 |
| സ്പിരിച്വാലിറ്റി സെന്റർ | 37 |
| അവാർഡ് | 38 |
| സോഷ്യൽ ആക്ഷൻ | 39 |
| സിൽച്ചർ മിഷൻ | 42 |
| ഇടയന്റെ ഇന്നലെകൾ | 48 |
| ഇടയന്റെ നാളെകൾ | 52 |



***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820
0480 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com



***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00







## മണിപ്പൂരിൽ ശാശ്വതമായ സമാധാനം പുലരട്ടേ!

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അത്മായ സഹോദരരേ,

വിദേശാധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച് 75 വർഷങ്ങൾ പിന്നിടുകയാണ് നമ്മുടെ മാതൃരാജ്യമായ ഇന്ത്യ. സുദീർഘമായ ഈ കാലയളവിൽ ശാസ്ത്ര, സാങ്കേതിക, സാമ്പത്തിക, വ്യാവസായിക, വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം നാം വലിയ പുരോഗതി നേടിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമെന്ന ബഹുമതിയും നമുക്കുണ്ട്.

എന്നാൽ സമീപകാലത്തായി നമ്മുടെ ജനാധിപത്യവും ഭരണഘടനയും മതനിരപേക്ഷ മൂല്യങ്ങളും കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ലോകരാഷ്ട്രങ്ങളുടെ നിരയിൽ ഇന്ത്യയെ തലയുയർത്തി നിൽക്കാൻ സഹായിച്ച ജാതി, മത, വർഗ, വംശ ചിന്തകൾക്കതീതമായ ബഹുസ്വരതയും മതനിരപേക്ഷതയും പഴങ്കഥയാവുകയാണോ എന്ന ചിന്ത ജനങ്ങളിൽ പടരുന്നു. വൈവിധ്യത്തിൽ ഏകത്വം എന്ന് അടിവരയിട്ട് തലമുറകളിലൂടെ നാം കെട്ടിപ്പടുത്ത 'ഒരൊറ്റ ഇന്ത്യ, ഒരൊറ്റ ജനത'യെന്ന സമഭാവനയുടെ സംസ്കാരവും സ്വാതന്ത്ര്യത്തിനുവേണ്ടി പതിനായിരക്കണക്കിനു ദേശസ്നേഹികൾ നടത്തിയ ജീവത്യാഗവും ഗാന്ധിജി ഉൾപ്പെടെയുള്ള നമ്മുടെ രാഷ്ട്രശിൽപ്പികൾ പകർന്നുതന്ന സ്വപ്നങ്ങളും വിസ്മൃതിയിലേക്ക് തള്ളിനീക്കപ്പെടുന്ന അവസ്ഥ.

ഇക്കഴിഞ്ഞ മേയ് മൂന്നിന് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിലുണ്ടായ സംഭവങ്ങൾ ഞെട്ടലോടെയാണ് നാം അറിഞ്ഞത്. അവിടത്തെ കലാപത്തീ ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല.

ചെറുസംസ്ഥാനമായ മണിപ്പൂരിലെ ജനസംഖ്യ 34 ലക്ഷമാണ്; അതായത്, കേരളത്തിന്റെ ജനസംഖ്യയുടെ പത്തിലൊന്നു മാത്രം. ജനസംഖ്യയുടെ 53 ശതമാനത്തോളം ഹിന്ദുമത വിശ്വാസികളായ മെയ്തെയ് വിഭാഗക്കാരാണ്. 43 ശതമാനം ക്രൈസ്തവ വിശ്വാസം സ്വീകരിച്ച

കുക്കി-ചിൻ-സോമി-മിസോ ഗോത്രജനങ്ങൾ. മെയ്തെയ് വിഭാഗക്കാർ സമതലപ്രദേശങ്ങളിൽ കഴിയുമ്പോൾ വനമേഖലകളിലും കുന്നിൻനിരകളിലുമാണ് ഗോത്രവർഗങ്ങൾ.

ഇരുവിഭാഗക്കാരും തമ്മിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന അവിശ്വാസത്തിനും അകൽച്ചയ്ക്കും ചരിത്രപരവും വംശീയവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളുണ്ട്. ഗോത്രവർഗക്കാർ അന്യനാടുകളിൽ നിന്ന് കുടിയേറിയവരാണെന്ന പ്രചാരണമാണ് ഇതിൽ പ്രധാനം.

സമീപകാലത്ത് സംസ്ഥാന സർക്കാർ സ്വീകരിച്ച ചില നടപടികൾ ഇരുവിഭാഗവും തമ്മിൽ നിലനിന്നിരുന്ന സ്പർധ ആളിക്കത്തിച്ചതാണ് മേയ് മൂന്നിനുണ്ടായ സംഘർഷത്തിന്റെ പിന്നിൽ. ഫെബ്രുവരിയിൽ ഗോത്രമേഖലയിൽ സർക്കാർ നടത്തിയ കുടിയൊഴിപ്പിക്കലും കഞ്ചാവ് കൃഷി തടയാനെന്ന പേരിൽ കൈക്കൊണ്ട നടപടികളും ഏപ്രിൽ 11ന് ഇംഫാൽ ജില്ലയിൽ സർക്കാർ മൂന്ന് ക്രിസ്ത്യൻ പള്ളികൾ തകർത്തതും അവരെ പ്രകോപിപ്പിച്ചു.

ഇതിനിടെ മെയ്തെയ് വിഭാഗത്തെ പട്ടികവർഗത്തിൽ ഉൾപ്പെടുത്താൻ സർക്കാർ നടത്തിയ ശ്രമം എരിതീയിൽ എണ്ണയൊഴിക്കുന്നതിനു തുല്യമായിരുന്നു. ഇക്കാര്യം കേന്ദ്രത്തോട് ശുപാർശ ചെയ്യാൻ മണിപ്പൂർ ഹൈക്കോടതി സർക്കാരിനോട് നിർദേശിച്ചു.

ഇപ്പോൾതന്നെ എസ്സി, ഒബിസി ലിസ്റ്റിൽ പെട്ടതാണ് മെയ്തെയ്. അവരെ പട്ടികവിഭാഗത്തിൽ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം തങ്ങളുടെ അവകാശങ്ങളിന്മേലുള്ള കൈയേറ്റമാണെന്നാണ് ഗോത്രജനതയുടെ നിലപാട്. മാത്രമല്ല, ബിജെപി ഭരിക്കുന്ന സർക്കാരിൽ മുഖ്യമന്ത്രിയുൾപ്പെടെ ആകെയുള്ള 60 എംഎൽഎമാരിൽ 40 പേരും മെയ്തെയ് വിഭാഗക്കാരാണ്. സർക്കാർ ജോലികളിലും അവർക്കാണ് മുൻതൂക്കം.

സമവായത്തിന്റെയും അനുരഞ്ജനത്തിന്റെയും അന്തരീക്ഷത്തിൽ ഇരുവിഭാഗങ്ങളെയും ഒന്നിച്ചിരുത്തി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കാതിരുന്നതാണ് മണിപ്പൂരിന്റെ ദുരന്തം.

ദീർഘനാളായി തുടരുന്ന വിവേചനങ്ങളുടെ പശ്ചാത്തലത്തിൽ ഗോത്രവിഭാഗക്കാർ മേയ് മൂന്നിനു നടത്തിയ പ്രതിഷേധ റാലിയിലാണ് അക്രമം പൊട്ടിപ്പുറപ്പെട്ടത്. അതിനെതിരെ മെയ്തെയ് വിഭാഗം സംഘടിതമായി അക്രമങ്ങൾക്കു തിരികൊളുത്തി. അന്നും തുടർന്നുള്ള ദിവസങ്ങളിലുമായി സംസ്ഥാനം മുഴുവൻ വ്യാപകമായ ക്രൈസ്തവ വേട്ടയാണ് നടന്നത്. ഗോത്രവർഗക്കാരെ പിൻതുണച്ച് ക്രൈസ്തവർ മുഴുവൻ അക്രമങ്ങൾക്ക് പിന്നിലുണ്ടെന്ന് പ്രചരിപ്പിച്ച് ചില വർഗീയ ശക്തി

കൾ രംഗത്തുവന്നതോടെ കലാപം അതിരൂക്ഷമായി. നൂറോളം പേർ അക്രമങ്ങളിൽ മരിച്ചു. 200ലേറെ പള്ളികൾ തകർക്കുകയോ അഗ്നിക്കിരയാക്കുകയോ ചെയ്തു. 2000 വീടുകൾ നശിപ്പിച്ചു. നിരവധി സ്കൂളുകളും വാഹനങ്ങളും ആശുപത്രികളും അഗ്നിക്കിരയാക്കി. 54,000 പേർ അഭയാർത്ഥികളായി. പൊലിസ് ട്രെയിനിങ് സെന്ററുകളിൽ നിന്ന് 1000ത്തിലേറെ തോക്കുകൾ കലാപകാരികൾ എടുത്തുകൊണ്ടുപോയി. ക്രൈസ്തവർ താമസിക്കുന്ന 58 ഗോത്ര ഗ്രാമങ്ങളിൽ അക്രമങ്ങൾ നടന്നുവെന്നാണ് വിവരം.

കേന്ദ്രസർക്കാരും സേനാ വിഭാഗങ്ങളും ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും അക്രമങ്ങൾ ശമിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെയും പൊലിസിന്റെയും നിഷ്ക്രിയത്വമാണ് മണിപ്പൂരിലെ സംഭവങ്ങൾ ഇത്ര രൂക്ഷമാകാൻ കാരണമെന്നാണ് വിലയിരുത്തപ്പെടുന്നത്. അക്രമം നടത്തുന്നവർ ആരായാലും അവരെ പിടികൂടാനും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ശ്രമിക്കുന്നതിനു പകരം ആയുധം കൈയിലെടുക്കാൻ അക്രമകാരികളെ കയറൂരിവിട്ടു എന്ന പരാതിയാണ് രാഷ്ട്രീയ ചേരികളില്ലാത്ത പ്രമുഖ വ്യക്തികളും പ്രസ്ഥാനങ്ങളും ഒരേ സ്വരത്തിൽ ഉയർത്തുന്നത്.

അക്രമങ്ങൾക്കു പിന്നിൽ മണിപ്പൂരിലെ ക്രൈസ്തവരെ ഒന്നടങ്കം ഉന്മൂലനം ചെയ്യാനുള്ള ഗൂഢപദ്ധതിയായിരുന്നോ എന്ന സംശയം ശക്തമായി നിലനിൽക്കുന്നുണ്ട്.

മണിപ്പൂരിലെ ക്രൈസ്തവ വേട്ട ഒറ്റപ്പെട്ട സംഭവമല്ല. ഇക്കഴിഞ്ഞ ജനുവരി ഒന്നിന് ഛത്തിസ്ഗഡിൽ കണ്ടതും ഗോത്രവർഗക്കാരായ ക്രൈസ്തവർക്കു നേരെയുള്ള ക്രൂരമായ ആക്രമണങ്ങളാണ്. സമീപ വർഷങ്ങളിൽ ഇത്തരം ആക്രമണങ്ങൾ പതിന്മടങ്ങായി വർധിച്ചുകൊണ്ടിരിക്കുന്നു. 2022ൽ മാത്രം ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിലായി 598 അക്രമ സംഭവങ്ങളുണ്ടായി. 2023 ജനുവരി മുതൽ മേയ് വരെ മാത്രം 200ലേറെ അക്രമങ്ങൾ നടന്നു. കുറേക്കൂടി പിന്നോട്ടുപോയാൽ, 1999ൽ ഒറീസ്സയിൽ ഗ്രഹാം സ്റ്റെയിൻസ് എന്ന മിഷനറിയെയും രണ്ടു മക്കളെയും ചുട്ടുചാമ്പലാക്കിയതും 2008ൽ ഒറീസ്സയിലെ കാണ്ടമാൽ ജില്ലയിൽ നൂറിലേറെ പേർ വധിക്കപ്പെട്ടതും 395 പള്ളികൾ തകർത്തതും ചരിത്രമാണ്. ഈ ഏപ്രിലിൽ മധ്യപ്രദേശിലെ നർമദാപുരത്ത് പള്ളി തകർക്കുകയും ബൈബിൾ കത്തിക്കുകയും ചെയ്തു; ഛത്തിസ്ഗഡിലെ ജഗദൽപൂരിൽ നടന്ന ബിജെപി സമ്മേളനത്തിൽ ക്രൈസ്തവരെ ഒന്നടങ്കം ബഹിഷ്കരിക്കാൻ പ്രഖ്യാപനമുണ്ടായി; മധ്യപ്രദേശിലെ സത്നയിൽ ക്രിസ്മസ് ആഘോഷത്തിനിടെ വൈദികരെയും വൈദിക വിദ്യാർഥികളെയും ആക്രമിച്ചതും ബന്ദികളാക്കി

യതും അടുത്തകാലത്താണ്. സാഗർ രൂപതയിലെ ഷാംപുര അനാഥാലയത്തിൽ മധ്യപ്രദേശ് സർക്കാർ അനധികൃത റെയ്ഡ് നടത്തി. ഇത്തരം നടപടികൾ ഇപ്പോഴും തുടരുന്നു.

വർധിച്ചുവരുന്ന ആക്രമണങ്ങൾക്കെതിരെ ഫെബ്രുവരിയിൽ വിവിധ ക്രൈസ്തവ സംഘടനകളുടെ നേതൃത്വത്തിൽ രാജ്യതലസ്ഥാനത്ത് വലിയ പ്രതിഷേധ റാലി നടന്നിരുന്നു. ഏപ്രിൽ 13ന് വിവിധ ക്രൈസ്തവസഭാ പ്രതിനിധികളുടെ സംഘം രാഷ്ട്രപതിയെ കണ്ട് ആക്രമണങ്ങളിലുള്ള ആശങ്ക അറിയിച്ചു. ഇതേ സമയത്താണ് കേന്ദ്ര സർക്കാരിലും സംസ്ഥാനങ്ങളിലും ഉന്നത പദവികളിൽ സേവനമനുഷ്ഠിച്ചു വിരമിച്ച 93 പ്രമുഖ വ്യക്തികൾ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചത്. എന്നാൽ ഇതുവരെ പ്രതികരണമൊന്നുമുണ്ടായിട്ടില്ല.

ഈ സാഹചര്യത്തിൽ ഇന്ത്യയിലെ പൗരന്മാരെന്ന നിലയിലും ക്രിസ്തുവിന്റെ അനുയായികളെന്ന നിലയിലും നമ്മെ ആശങ്കപ്പെടുത്തുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. വികാരങ്ങൾക്ക് അടിപ്പെടാതെ വിശ്വാസത്തെ മുറുകെപ്പിടിച്ച് മുന്നേറേണ്ട സമയമാണിത്. പീഡനങ്ങളുടെ പ്രദേശങ്ങളിൽ നമ്മുടെ നിരവധി വൈദികരും സിസ്റ്റേഴ്സും അൽമായ സഹോദരങ്ങളുമുണ്ട്. പീഡനങ്ങളുടെ മധ്യേ ധീരതയോടെ നിലകൊള്ളാൻ നമ്മുടെ പ്രാർഥനകൾ അവർക്കായി അർപ്പിക്കാം. ക്രൈസ്തവരാണ് എന്നതിന്റെ പേരിൽ മാത്രം പീഡനങ്ങൾ നേരിട്ട, നേരിടുന്ന നമ്മുടെ സഹോദരങ്ങളോട് നമുക്ക് ഐകദാർഢ്യം പ്രഖ്യാപിക്കാം.

നമ്മുടെ രാജ്യം ഭരിക്കുന്ന ഭരണാധികാരികൾക്കും നേതാക്കന്മാർക്കും ഭരണഘടനയുടെയും ജനാധിപത്യ മൂല്യങ്ങളുടെയും പാതയിലൂടെ നടക്കാനുള്ള ഹൃദയപരിവർത്തനം ഉണ്ടാകട്ടെയെന്ന് നാം പ്രാർഥിക്കണം. നമ്മുടെ രാജ്യത്തിന്റെ സുസ്ഥിതിക്കും അഖണ്ഡതയ്ക്കും ക്ഷേമത്തിനും വേണ്ടി നിലകൊള്ളാൻ, അധികാര രാഷ്ട്രീയത്തിന്റെയും സ്വാർഥ ലക്ഷ്യങ്ങളുടെയും പാതയിൽനിന്ന് മാറി സഞ്ചരിക്കാൻ അവർക്ക് ഇടവരട്ടെ. എല്ലാ വിഭാഗം ജനങ്ങളും സ്നേഹത്തിന്റെയും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ശാന്തിയുടെയും അന്തരീക്ഷത്തിൽ ഒന്നായിത്തീരട്ടെ.

+ Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

ഇരിങ്ങാലക്കുട
25.05.2023

Prot. No. 29/23
25.05.2023

# സർക്കുലർ

## മണിപ്പൂർ: സമാധാനത്തിനായി രൂപതയിൽ പ്രാർത്ഥനാദിനം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, അത്മായ സഹോദരരേ,

ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനപ്രകാരം 2023 മേയ് 31 (ബുധൻ) സാർവ്വത്രിക സഭ പരിശുദ്ധ മറിയം എലിസബത്തിനെ സന്ദർശിച്ചതിന്റെ ഓർമയിൽ മരിയൻ പ്രാർത്ഥനാദിനം ആചരിക്കുകയാണ്. മരിയൻ മാസത്തിന്റെ സമാപനദിനം കൂടിയാണ് അന്ന്. ഈ സന്ദർഭത്തിൽ ഇന്ത്യയിലെ എല്ലാ രൂപതകളിലെയും ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും രാജ്യത്ത്, പ്രത്യേകിച്ച് വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിലും ശാശ്വതമായ സമാധാനവും സാഹോദര്യവും സ്ഥാപിക്കപ്പെടുകയെന്ന നിയോഗത്തോടെ ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കാൻ ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) ആഹ്വാനം ചെയ്തിട്ടുണ്ട്.

ഇതിന്റെ ഭാഗമായി ഇരിങ്ങാലക്കുട രൂപതയിൽ മേയ് 31-ാം തിയ്യതി ബുധനാഴ്ചയോ അതുകഴിഞ്ഞുവരുന്ന ഏതെങ്കിലും സൗകര്യപ്രദമായ ദിവസമോ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. സമാധാനത്തിന്റെ രാജാവായ ക്രിസ്തു നമ്മുടെയെല്ലാവരുടെയും ഹൃദയങ്ങളിൽ സുസ്ഥിരമായ ശാന്തിയും സന്തോഷവും നിറയ്ക്കട്ടെ.

+ Pauly Kannookadan

25.05.2023
ഇരിങ്ങാലക്കുട

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാമെത്രാൻ



# കച്ചേരി കാര്യങ്ങൾ

1. **Appointments & Relievements**

**Rev. Dn. Jinto Chirammel CMI:** Appointed for deacon ministry at St. John Nepumcian Forane Church, Parappukara, w.e.f. 06/05/2023 to 15/10/2023.

**Rev. Dn. Joel Chiramal CMI:** Appointed for deacon ministry at Our Lady of Carmel Forane Church, Edathiruthy, w.e.f. 15/05/2023 to 15/10/2023.

**Rev. Dn. Lince Meleppuram CMI:** Appointed for deacon ministry at St. George's Church, Puthenvelikara, w.e.f. 15/05/2023 to 15/10/2023.

**Rev. Dn. Melfin Chakkalakkal CMI:** Appointed for deacon ministry at St. Joseph's Church, Mathilakam, w.e.f. 15/05/2023 to 15/10/2023.

**Rev. Fr. Jitto Kunnath SDB:** Relieved Asst. Vicar, St. Antony's Church, Kanakamala, w.e.f. 21/05/2023.

**Rev. Fr. Yesudas Kodakarakaran CMI:** Relieved Vicar, St. Xavier's Church, Pullur & Chaplain, All Saints CMC Convent & Carmalodaya CMC Convent, Pullur, w.e.f. 25/05/2023.

**Rev. Fr. Joy Vattoly CMI:** Relieved Vicar, Sacred Heart Church, Snehagiri & Chaplain, Holy Child CMC Convent, Snehagiri & appointed Vicar, St. Xavier's Church, Pullur & Chaplain, All Saints CMC Convent & Carmalodaya CMC Convent, Pullur, w.e.f. 25/05/2023.

**Rev. Fr. Antony Paramban CMI:** Appointed Vicar, Sacred Heart Church, Snehagiri & Chaplain, Holy Child CMC Convent, Snehagiri, w.e.f. 25/05/2023.

**Rev. Fr. Jose Payyappilly CMI:** Relieved Vicar, St. Theresa of Avila Quasi Parish Church, Kottackal and Chaplain, Carmel CMC Convent, Mala, w.e.f. 25/05/2023.

**Rev. Fr. Jacob Njerinjambilly CMI:** Appointed Vicar, St. Theresa of Avila Quasi Parish Church, Kottackal, and Chaplain, Carmel CMC Convent, Mala, w.e.f. 25/05/2023.

**Rev. Fr. Geo Alanolickal CMI:** Relieved Vicar, Karmalamatha Church, Kormala, w.e.f. 25/05/2023.

**Ref. Fr. Jolly Vattamkandathil CMI:** Appointed Vicar, Karmalamatha Church, Kormala,w.e.f. 25/05/2023.

**Rev. Fr. Vinni Varghese Arangassery OFM Cap.:** Relieved Asst. Vicar, St. Joseph's Forane Church, Kodakara, w.e.f. 31/05/2023.

**Rev. Fr. Tony Parekkadan:** Relieved Asst. Vicar, St. Sebastian's Church, Thazhekad, & appointed Asst. Vicar, St. Joseph's Forane Church, Kodakara, w.e.f. 31/05/2023.

**Rev. Fr. Jerlit Kakkanadan:** Relieved Asst. Vicar, St. Sebastian's Forane Church, Kuttikad, & appointed Asst. Vicar, St. Sebastian's Church, Thazhekad, w.e.f. 31/05/2023.

**Rev. Fr. James Shelbi Alappatt CMI:** Relieved Asst. Vicar, St. Antony's Church, Kanakamala, w.e.f. 31/05/2023.

2. **പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ – ജൂൺ 04 ഞായർ:** കത്തോലിക്ക സഭയുടെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ് പരി. ത്രിത്വത്തിലുള്ള വിശ്വാസം. ഈ തിരുനാൾ ഇടവകകളിൽ സമുചിതം ആഘോഷിക്കേണ്ടതാണ്.
3. **വൈദികരുടെ മാസധ്യാനം – ജൂൺ 07, ബുധൻ:** 2023 ജൂലൈ – ആഗസ്റ്റ് മാസങ്ങളിൽ വൈദികരുടെ വാർഷിക ധ്യാനം രൂപതാതലത്തിൽ നടക്കുന്നതിനാൽ ജൂൺമാസത്തെ വൈദികരുടെ മാസധ്യാനം ജൂൺ 07–ാം തിയ്യതി ബുധനാഴ്ച ഫൊറോനതലത്തിൽ നടത്തേണ്ടതാണ്. അന്ന് അസൗകര്യമുണ്ടെങ്കിൽ ജൂൺമാസത്തിലെ സൗകര്യപ്രദമായ മറ്റൊരു ദിവസം ക്രമീകരിക്കുവാൻ ഫൊറോന വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
4. **പരിശുദ്ധ കുർബാനയുടെ തിരുനാൾ – ജൂൺ 8, വ്യാഴം:** അന്നേ ദിവസം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഏതാനും മണിക്കൂർ ദിവ്യകാരുണ്യ ആരാധനയ്ക്കായി മാറ്റി വയ്ക്കുന്നത് ഉചിതമാണ്.
5. **വി. മറിയം ത്രേസ്യയുടെ തിരുനാൾ – ജൂൺ 8, വ്യാഴം:** കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വി. മറിയം ത്രേസ്യയുടെ തിരുനാൾ

കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ ജൂൺ 8, വ്യാഴാഴ്ച ആഘോഷിക്കുന്നു. തിരുനാളിനൊരുക്കമായ നവനാൾ മെയ് 30, ചൊവ്വാഴ്ച ആരംഭിക്കും. ഈ ദിനങ്ങളിൽ വൈകീട്ട് 6 മണിക്ക് വിവിധ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാർ വി. കുർബാനകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് നേർച്ചഭക്ഷണവും ഉണ്ടായിരിക്കും. നൊവേന ദിവസങ്ങളിൽ രാവിലെ 10.30ന് ദിവ്യബലി ഉണ്ടായിരിക്കും. തിരുനാൾ ദിനമായ ജൂൺ 8ന് രാവിലെ 9.30ന് ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് മുഖ്യ കാർമ്മികത്വം വഹിക്കുന്നു. അന്നേദിനത്തിൽ രാവിലെ 6.00, 7.00, 8.30, ഉച്ചക്ക് 12.00, ഉച്ചകഴിഞ്ഞ് 3.00, വൈകീട്ട് 7.00 എന്നീ സമയങ്ങളിൽ വി. കുർബാന ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് 3.00 മണിക്കുള്ള വി. കുർബാനയ്ക്കുശേഷം തിരുനാൾ പ്രദക്ഷിണം. രാവിലെ 8.00 മണി മുതൽ ഊട്ടുനേർച്ച ഉണ്ടായിരിക്കും. തിരുനാളിന്റെ ആഘോഷങ്ങളിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

6. **ഈശോയുടെ തിരുഹൃദയത്തിരുനാൾ – ജൂൺ 16 വെള്ളി:** ഈ ദിനത്തിൽ വൈകീട്ട് 8 മണിക്ക് നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും കൂട്ടമണി അടിക്കേണ്ടതും, ആ സമയം എല്ലാ ഭവനങ്ങളിലും, സ്ഥാപനങ്ങളിലും, സന്യാസമഠങ്ങളിലും, ആശ്രമങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നവീകരിക്കേണ്ടതുമാണ്. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ രൂപതയെ ഈ ദിനത്തിൽ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.
7. **ഉപവാസപ്രാർത്ഥനാദിനം – ജൂൺ 18, ഞായർ:** രൂപതയുടെ ആദ്ധ്യാത്മിക കേന്ദ്രമായ സ്പിരിച്വാലിറ്റി സെന്ററിൽ ഈ ദിനത്തിൽ പ്രത്യേക ആരാധന നടത്തുന്നു. രാവിലെ 6.30നുള്ള വി. കുർബാനയെതുടർന്ന് ആരംഭിക്കുന്ന ദിവ്യകാരുണ്യ ആരാധന വൈകീട്ട് 5 മണിക്കുള്ള വി. കുർബാനയെതുടർന്നുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെ സമാപിക്കുന്നതാണ്.
8. **രൂപത സ്ഥാപനദിനം (1978) – ജൂൺ 22, വ്യാഴം :** അന്നേദിവസം വി. കുർബാനയിൽ നമ്മുടെ രൂപതയെയും രൂപതയുടെ പ്രഥമ മെത്രാനായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനെയും, പോളി കണ്ണൂക്കാടൻ പിതാവിനെയും അദ്ദേഹത്തിന്റെ എല്ലാ നിയോഗങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിക്കാം.
9. **വി. പത്രോസ് – വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – ജൂൺ 29, വ്യാഴം:** ഇന്ന് സീറോ മലബാർ സഭയിൽ കടമുള്ള ദിവ

സമാണ്. നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ നാമഹേതുക തിരുനാൾ കൂടിയായ ഈ ദിവസത്തിൽ അഭിവന്ദ്യ പിതാവിന് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

10. **ദുക്റാന; സീറോ മലബാർ സഭാദിനം – ജൂലൈ 3, തിങ്കൾ:** ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിയിച്ച നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെ ഇന്ന് നമുക്ക് അനുസ്മരിക്കാം. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾക്കായി ആളൊന്നിന് രണ്ടുരൂപ വീതം പിരിവെടുത്ത് 2023 ജൂലൈ 31ന് മുൻപായി രൂപത ഫിനാൻസ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.
11. **വാർഷിക റിപ്പോർട്ട്, തിരുനാൾ റിപ്പോർട്ട്:** തെരട്ടിനൊപ്പം വാർഷിക റിപ്പോർട്ടും, തിരുനാൾ റിപ്പോർട്ടും രൂപത കാര്യാലയത്തിൽ ഏൽപ്പിക്കാത്ത പള്ളികൾ എത്രയും വേഗം ഏൽപ്പിക്കേണ്ടതാണ്.
12. **പുതിയ കൈക്കാരന്മാർ:** തെരട്ടിനൊപ്പം പുതിയ കൈക്കാരന്മാരുടെ (2023–2024 വർഷത്തെ) പേരുകൾ സമർപ്പിക്കാത്ത പള്ളികൾ എത്രയും പെട്ടെന്ന് തെരഞ്ഞെടുപ്പ് നടത്തി അവരുടെ പേരുകൾ രൂപതാകേന്ദ്രത്തിൽ അറിയിച്ച് അംഗീകാരവും നിയമന ഉത്തരവും വാങ്ങേണ്ടതാണ്. പുതിയ കൈക്കാരന്മാർ 2023 ജൂലൈ 03ന് ചുമതലയേൽക്കേണ്ടതാണ്.
13. **പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്: ജൂലൈ 08, ശനി:** 16-ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം 2023 ജൂലൈ 08 ശനിയാഴ്ച രാവിലെ 09.30 മുതൽ ഉച്ചകഴിഞ്ഞ് 03.30 വരെ രൂപതാഭവനത്തിൽ നടത്തപ്പെടുന്നു. അംഗങ്ങൾ എല്ലാവരും കൃത്യസമയത്ത് എത്തിചേരുമല്ലോ.
14. **രൂപതാകാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ:** രൂപത കാര്യാലയത്തിലേക്കുള്ള പൊതുവായ അപേക്ഷകൾ ബഹു. വികാരിയച്ചനാണ് സമർപ്പിക്കേണ്ടത്. വസ്തുക്കളോ പണമോ സംബന്ധിച്ചുള്ള അപേക്ഷകളിൽ സാധാരണ നിലയിൽ കൈക്കാരന്മാരും ഒപ്പിട്ടിരിക്കണം (ഇരിങ്ങാലക്കുട രൂപത നിയമാവലി – 2017; പേജ് 34, നമ്പർ 56). ആയതിനാൽ, കൈക്കാരന്മാർ എഴുതുന്ന അപേക്ഷകളിൽ വികാരി ശുപാർശ മാത്രം ചെയ്യുന്ന രീതി ക്രമപ്രകാരമല്ല. ഈ കാര്യം ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

രൂപതാ കാര്യാലയം
20.05.2023

**മോൺ. ജോസ് മഞ്ഞളി**
വികാരി ജനറാൾ

# എരവത്തൂർ, സെന്റ് മേരീസ് ചർച്ച്
## ഇടവക സ്ഥാപന ഡിക്രി
**Prot. No. 414/23 (DL 01/2023)**

**കുഴൂർ, മേരി ഇമ്മാക്കുലേറ്റ് പള്ളി, എരവത്തൂർ, സെന്റ് മേരീസ് കുരിശു പള്ളി ബഹു. വികാരിക്കും വിശ്വാസികൾക്കും ആശീർവ്വാദം:**

സൂചന:

1) എരവത്തൂർ, സെന്റ് മേരീസ് കുരിശുപള്ളി ഒരു ഇടവകയായി ഉയർത്തുന്നതിന് കുഴൂർ, മേരി ഇമ്മാക്കുലേറ്റ് ഇടവകയിൽ 11-11-2021 ന് കൂടിയ പൊതുയോഗ തീരുമാനപ്രകാരം ബഹു. വികാരിയുടെ സാക്ഷ്യത്തോടെ സമർപ്പിച്ച 15-03-2022 ലെ അപേക്ഷ.
2) എരവത്തൂർ ഇടവക രൂപീകരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ള പ്രത്യേക സമിതി അംഗങ്ങളെ തെരഞ്ഞെടുത്തുകൊണ്ടുള്ള രൂപത വൈദികസമിതിയുടെ 17-03-2022 ലെ നിർദ്ദേശം.
3) എരവത്തൂർ ഇടവക രൂപീകരണത്തെക്കുറിച്ചും അതിന്റെ അതിർത്തി നിർണ്ണയത്തെക്കുറിച്ചും പഠിക്കാനുള്ള കമ്മീഷൻ അംഗങ്ങളെ ഔദ്യോഗികമായി നിയമിച്ചുകൊണ്ടുള്ള 10-05-2022 ലെ കല്പന.
4) ഇടവക രൂപീകരണ സാധ്യതയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മീഷൻ വിശദമായി പഠനം നടത്തി സമർപ്പിച്ച 09-11-2022 ലെ പഠന റിപ്പോർട്ട്.
5) ഇടവക രൂപീകരണത്തിനുവേണ്ടി എരവത്തൂർ കുരിശുപള്ളിയിൽനിന്നും ബഹു. വികാരിയുടെ സാക്ഷ്യത്തോടെ സമർപ്പിച്ച 21-11-2022 ലെ അപേക്ഷ.
6) ഇടവക രൂപീകരണത്തെ സംബന്ധിച്ച് രൂപത ആലോചനസമിതിയുടെ 30-11-2022 ലെ ശുപാർശ.
7) എരവത്തൂർ കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയാക്കുന്നത് സംബന്ധിച്ച് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടികൾക്കായി വൈദികസമിതിയുടെ 15-12-2022 ലെ ശുപാർശ.
8) കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾക്കായുള്ള രൂപത ആലോചനസമിതിയുടെ 15-02-2023 ലെ ശുപാർശ.
9) നിർദ്ദിഷ്ട എരവത്തൂർ ഇടവകരൂപീകരണത്തെ സംബന്ധിച്ചും ഇടവക അതിർത്തിയെ സംബന്ധിച്ചും കുഴൂർ, പൂവ്വത്തുശ്ശേരി ഇടവകകളിൽനിന്നും എരവത്തൂർ കുരിശുപള്ളിയിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് രൂപത കച്ചേരിയിൽ നിന്നും നൽകിയ കത്ത് (Prot No. 294/23) പ്രകാരം ഇടവകകളിൽ നടത്തിയ 12-03-2023 ലെ പരസ്യപ്പെടുത്തൽ.
10) നിർദ്ദിഷ്ട എരവത്തൂർ ഇടവക അതിർത്തിയെ സംബന്ധിച്ചും ഇടവക രൂപീകരണത്തെ സംബന്ധിച്ചും ബഹു. പൂവ്വത്തുശ്ശേരി പള്ളി വികാരിയുടെ 20-03-2023 ലെ റിപ്പോർട്ട്.

11) നിർദ്ദിഷ്ട എരവത്തൂർ ഇടവകയുടെ അതിർത്തിപ്രകാരം പൂവ്വത്തുശ്ശേരി ഇടവകാതിർത്തിക്കുള്ളിൽപ്പെടുന്ന പന്ത്രണ്ട് കുടുംബങ്ങൾ എരവത്തൂർ ഇടവകയിൽതന്നെ തുടരുവാൻ ആഗ്രഹിച്ച് ബഹു. കുഴൂർ പള്ളി വികാരിയുടെ ശുപാർശയോടെ നൽകിയ 22-03-2023 ലെ അപേക്ഷകൾ.

12) നിർദ്ദിഷ്ട ഇടവകയുടെ അതിർത്തിപ്രകാരം എരവത്തൂർ ഇടവകാതിർത്തിക്കുള്ളിൽപ്പെടുന്ന അഞ്ച് കുടുംബങ്ങൾ പൂവ്വത്തുശ്ശേരി ഇടവകയിൽതന്നെ തുടരുവാൻ ആഗ്രഹിച്ച് ബഹു. പൂവ്വത്തുശ്ശേരി വികാരിയുടെ ശുപാർശയോടെ നൽകിയ 27-03-2023 ലെ അപേക്ഷകൾ.

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ, രൂപത കച്ചേരി ആവശ്യമായ പഠനവും, വിചിന്തനവും, വിലയിരുത്തലുകളും നടത്തി, താഴെപറയുന്ന അതിരുകളോടും നിർദ്ദേശങ്ങളോടും കൂടി, കുഴൂർ, മേരി ഇമ്മാക്കുലേറ്റ് ഇടവകയുടെ ഭാഗമായിരുന്ന എരവത്തൂർ, സെന്റ് മേരീസ് കുരിശുപള്ളിയെ **2023 ഏപ്രിൽ മാസം 16 -ാം തിയ്യതി ഞായറാഴ്ച മുതൽ എരവത്തൂർ, "സെന്റ് മേരീസ് ചർച്ച്"** എന്ന പേരിൽ ഇരിങ്ങാലക്കുട രൂപതയിലെ 141-ാമത്തെ സ്വതന്ത്ര ഇടവകയായി ഉയർത്തിയിരിക്കുന്നു.

**അതിർത്തികൾ**

1. വടക്ക്:
   കുഴൂർചിറ തുടങ്ങി, കുഴൂർ - എരവത്തൂർ മെയിൻ റോഡ് ക്രോസ് ചെയ്ത് കിഴക്കോട്ട് കരിക്കാട്ട് ചാൽകൂടി മുണ്ടൻചിറ തോട് തുടങ്ങുന്നിടം വരെ.
2. കിഴക്ക്:
   മുണ്ടൻചിറ തോടുകൂടി തെക്കോട്ട് എരവത്തൂർ - പൂവ്വത്തുശ്ശേരി റോഡ് ക്രോസ് ചെയ്ത് വൻതോട് - വെന്ത്രതോടു കൂടി അഞ്ചലക്കുളം വരെ.
3. തെക്ക്:
   അഞ്ചലക്കുളത്തിൽനിന്നും കൊച്ചുകടവ് ഇറിഗേഷൻ കനാൽ കൂടി പടിഞ്ഞാറോട്ട് മനക്കപ്പടി റോഡ് ക്രോസ് ചെയ്ത് വീണ്ടും കൊച്ചുകടവ് ഇറിഗേഷൻ കനാൽ കൂടി കൊച്ചുകടവ് - ആലമറ്റം റോഡിലെത്തി, ടി. റോഡിലൂടെ പടിഞ്ഞാറോട്ട് പോയി വൻതോട് പാലം വരെ.
4. പടിഞ്ഞാറ്:
   കൊച്ചുകടവ് - ആലമറ്റം റോഡിലുള്ള വൻതോട് പാലത്തിൽനിന്ന് തുടങ്ങി വടക്കോട്ട് കരിക്കാട്ട് ചാൽകൂടി കുഴൂർചിറ വരെ.

**നിർദ്ദേശങ്ങൾ**

1. എരവത്തൂർ, സെന്റ് മേരീസ് ഇടവക അമ്പഴക്കാട് ഫൊറോനയുടെ ഭാഗമായിരിക്കും.
2. എരവത്തൂർ പുതിയ ഇടവക അതിർത്തി നിർണ്ണയം വഴി, കുഴൂർ, മേരി ഇമ്മാക്കുലേറ്റ് ഇടവകയിൽനിന്നും പൂവ്വത്തുശ്ശേരി, സെന്റ്

ജോസഫ്സ് ഇടവകയിൽ നിന്നും എരവത്തൂർ, സെന്റ് മേരീസ് ഇടവകയിൽ അംഗങ്ങളായി വരുന്ന കത്തോലിക്കകുടുംബങ്ങളു ലിസ്റ്റ് (അനുബന്ധം I), പൂവ്വത്തുശ്ശേരി, സെന്റ് ജോസഫ്സ് ഇടവക അതിർത്തിക്കുള്ളിൽപ്പെടുന്നവരും എന്നാൽ, എരവത്തൂർ ഇടവക യിൽ തന്നെ തുടരണമെന്ന് ബഹു. വികാരിയുടെ ശുപാർശയോടെ രൂപത കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചവരുമായ പന്ത്രണ്ട് കുടുംബങ്ങൾക്കുള്ള അനുവാദപത്രിക (അനുബന്ധം II) എരവ ത്തൂർ, സെന്റ് മേരീസ് ഇടവകാതിർത്തിക്കുള്ളിൽപ്പെടുന്നവരും എന്നാൽ, പൂവ്വത്തുശ്ശേരി, സെന്റ് ജോസഫ്സ് ഇടവകയിൽ തന്നെ തുടരണമെന്ന് ബഹു. വികാരിയുടെ ശുപാർശയോടെ രൂപത കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചവരുമായ അഞ്ച് കുടുംബ ങ്ങൾക്കുള്ള അനുവാദപത്രിക (അനുബന്ധം III) എന്നിവയുടെ കോപ്പികൾ ബന്ധപ്പെട്ട ഇടവകകാര്യാലയങ്ങളിൽ സൂക്ഷിക്കേണ്ട താണ്. അനുവാദപത്രികയുടെ കോപ്പികൾ ബന്ധപ്പെട്ട കുടുംബ ങ്ങൾക്കും നൽകേണ്ടതാണ്.

3. എരവത്തൂർ ഇടവകയുടെ നിർണ്ണയിക്കപ്പെട്ട അതിർത്തിക്കുള്ളിൽ താമസിക്കുന്ന കത്തോലിക്കർ അതിനാലെതന്നെ എരവത്തൂർ ഇടവകയുടെ അംഗങ്ങളായിരിക്കും. കത്തോലിക്കർ അല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിത വേലയ്ക്കും അർഹരായിത്തീരുന്നതാണ്. ഇടവകാതിർത്തി വ്യക്തമാക്കുന്ന മാപ്പിന്റെ രണ്ടു കോപ്പികൾ രൂപത കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി, ഒന്ന് രൂപതയിലും, ഒന്ന് ഇടവകയിലും സൂക്ഷി ക്കേണ്ടതാണ്. കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്ക് നൽകേണ്ടതാണ്.
4. നിശ്ചയിക്കപ്പെട്ടിരിക്കുന്ന എരവത്തൂർ ഇടവകാതിർത്തിയ്ക്കുള്ളിൽ പുതിയ വീട് നിർമ്മിച്ച് താമസമാക്കുന്നതും, വാടകയ്ക്ക് താമസിക്കുന്നതുമായ എല്ലാ കത്തോലിക്ക കുടുംബങ്ങളും എരവ ത്തൂർ ഇടവകയിലായിരിക്കും ഉൾപ്പെടുക.
5. എരവത്തൂർ ഇടവകക്കാരായിട്ടുള്ളവരുടെ ആത്മസ്ഥിതികണക്കുകൾ മാതൃഇടവകയിൽ നിന്ന് എടുത്ത് പുതിയ ആത്മസ്ഥിതി രജിസ്റ്റർ എത്രയും വേഗത്തിൽ എരവത്തൂർ പള്ളി ഉണ്ടാക്കേണ്ടതാണ്.
6. എരവത്തൂർ ഇടവക രൂപീകരണത്തോടനുബന്ധിച്ച് ബഹു. വികാരി യച്ചന്റെ ശുപാർശയോടെ വ്യക്തിപരമായ അപേക്ഷ കൊടുത്ത് രൂപത കാര്യാലയത്തിൽ നിന്നും പ്രത്യേക ഒഴിവ് ലഭിച്ചിരിക്കുന്ന വർ തങ്ങൾ താമസിക്കുന്ന വീട് അതേ കോമ്പൗണ്ടിൽതന്നെ പുതുക്കിപണിത് അവിടെ തന്നെ താമസിക്കുന്നെങ്കിൽ ടി. വ്യക്തി യുടെ കുടുംബം പ്രത്യേക ഒഴിവ് ലഭിച്ച പ്രകാരമുള്ള ഇടവകയിൽ തന്നെ അംഗമായി തുടരുന്നതാണ്. എന്നാൽ, പുതിയ സ്ഥലത്തേക്ക് വീട് താമസം മാറുന്ന സാഹചര്യത്തിൽ വീട് സ്ഥിതി ചെയ്യുന്ന ഇടവകാതിർത്തിയിലെ ഇടവകയിൽ അംഗമായി ചേരേണ്ടതാണ്.

7. എരവത്തൂർ ഇടവകാതിർത്തിയ്ക്കുള്ളിൽ താമസിക്കുന്നെങ്കിലും പ്രത്യേക ഒഴിവ് ലഭിച്ച് മറ്റ് ഇടവകയിൽ തുടരുന്ന ഏത് വീട്ടുകാർക്കും, എപ്പോൾ വേണമെങ്കിലും രേഖാമൂലം അപേക്ഷ സമർപ്പിച്ച് എരവത്തൂർ ഇടവകയിൽ ചേരുവാൻ അനുവാദ മുണ്ടായിരിക്കും.
8. പുതിയ ഇടവക രൂപീകരണത്തോടനുബന്ധിച്ച് മാതൃ ഇടവകയുടെ സാമ്പത്തിക സഹകരണത്തെക്കുറിച്ച് ഇരിങ്ങാലക്കുട രൂപത നിയമാവലിയുടെ അനുബന്ധം ഒമ്പതിൽ നൽകിയിട്ടുള്ള നിർദ്ദേ ശങ്ങൾ പാലിക്കേണ്ടതാണ് (ഇരിങ്ങാലക്കുട രൂപതാ നിയമാവലി -2017, c. 158§3, പേജ് 78; അനുബന്ധം ഒമ്പത്, പേജ് 251-256). ഈ വിഷയത്തെക്കുറിച്ച് കുഴൂർ, മേരി ഇമ്മാക്കുലേറ്റ് ഇടവക പള്ളി യോഗത്തിൽ വ്യക്തമായ തീരുമാനങ്ങൾ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കൈക്കൊള്ളേണ്ടതാണ്.
9. ഓരോ ഇടവകയ്ക്കും സ്വന്തമായി സെമിത്തേരി ഉണ്ടാകുക എന്ന താണ് രൂപതയുടെ നയം. സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതു വരെ എരവത്തൂർ ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് കുഴൂർ, മേരി ഇമ്മാക്കുലേറ്റ് ഇടവകയുടെ സെമിത്തേരി ഉപയോഗിക്കുന്ന തിന് അനുവദിക്കുന്നു. ഇതിനായി ആ ഇടവകയുടെ നിബന്ധനകൾ പാലിക്കേണ്ടതാണ്. (ഇരിങ്ങാലക്കുട രൂപത നിയമാവലി-2017, പേജ് 254 & 255; നമ്പർ-22)
10. മേനോത്ത് ബഹു. ജോയ് അച്ചനെ 2023 ഏപ്രിൽ 16 മുതൽ എരവ ത്തൂർ, സെന്റ് മേരീസ് ഇടവകയുടെ പ്രഥമ വികാരിയായി നിയമി ക്കുന്നു.

മേൽപ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2023 ഏപ്രിൽ 16 മുതൽ നിയമസാധുത ഉണ്ടാ യിരിക്കുകയില്ല. ആദിമ ക്രൈസ്തവ സഭയുടെ ചൈതന്യത്തിൽ (അപ്പ. 2:37-47) കത്തോലിക്ക സഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർ സഭയുടെ പ്രത്യേക നിയമം, ഇരിങ്ങാലക്കുട രൂപത നിയമാവലി) ക്രിസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കാൻ ഏവരോ ടും ആഹ്വാനം ചെയ്യുന്നു. അതിനായി ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം എന്നും നിങ്ങളോടുകൂടെ ഉണ്ടാ യിരിക്കട്ടെ.

ഇരിങ്ങാലക്കുട രൂപത കാര്യാലയത്തിൽ നിന്ന് 2023 ഏപ്രിൽ മാസം 15-ാം തിയ്യതി നൽകപ്പെട്ടത്.

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

**ഫാ. കിരൺ തട്ട്ല**
ചാൻസലർ

# ആദരാഞ്ജലികൾ...

## റവ. സി. ആൽഫെറ്റ് സി.എസ്.സി.

**മരണം: 18.03.2023**



ഇരിങ്ങാലക്കുട രൂപത പടിഞ്ഞാറെ ചാലക്കുടി കല്ലിങ്കൽ ലോനപ്പൻ - ത്രേസ്യാമ്മ ദമ്പതികളുടെ ആറാമത്തെ മകളായ ആൽഫി എന്ന സി. ആൽഫറ്റ് 1980 മാർച്ച് 18-ാം തിയ്യതി ജനിച്ചു. 2003ൽ പ്രഥമവാഗ്ദാനവും 2008ൽ നിത്യവ്രതവാഗ്ദാനവും നടത്തി. മേലൂർ സെന്റ് ജോൺസ് യു.പി. സ്കൂളിലെ സംസ്കൃത അദ്ധ്യാപികയായിരുന്നു. എളമക്കര, മുരിങ്ങൂർ, മേലൂർ, പുത്തൻവേലിക്കര, ആളൂർ, പോട്ട എന്നീ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2023 മാർച്ച് 11-ാം തിയ്യതി വൈകീട്ട് 6.55ന് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

---

## റവ. സി. ബെർക്കുമെൻസ് സി.എസ്.സി.

**മരണം: 08.04.2023**



എറണാകുളം - അങ്കമാലി അതിരൂപത മൂക്കന്നൂർ ഇടവകാംഗമായ പാലാട്ടി വർക്കി - അന്നം (പരേതർ) ദമ്പതികളുടെ മകൾ ത്രേസ്യ എന്ന സി. ബെർക്കുമെൻസ് 1945 ഏപ്രിൽ 10-ാം തിയ്യതി ജനിച്ചു. 1972ൽ പ്രഥമവ്രതവാഗ്ദാനവും 1975ൽ നിത്യവ്രതവാഗ്ദാനവും നടത്തി. സാധുജനങ്ങളോട് പക്ഷം ചേർന്ന അദ്ധ്യാപികയായ ബഹു. സിസ്റ്റർ 1997ൽ സിൽവർ ജൂബിലിയും 2022ൽ ഗോൾഡൻ ജൂബിലിയും ആഘോഷിച്ചു. ജനറൽ കൗൺസിലർ, മിസ്ട്രസ്സ് എന്നീ നിലകളിലും മുണ്ടത്തിക്കോട്, കല്ലൂർ, കൊക്കാലെ, ചൊവ്വന്നൂർ എന്നീ സ്കൂളുകളിൽ അദ്ധ്യാപികയും, പ്രധാനദ്ധ്യാപികയായും മുണ്ടത്തിക്കോട്, മുല്ലശ്ശേരി, മുരിങ്ങൂർ, തൃക്കാക്കര, ഇടക്കുന്ന് മഠങ്ങളിൽ മദർ സുപ്പീരിയറായും പരിയാരം, തുമ്പാക്കോട്, പോട്ട എന്നീ മഠങ്ങളിൽ അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബഹു. സിസ്റ്റർ 2023 ഏപ്രിൽ 8ന് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

# അനുസ്മരണദിനങ്ങൾ

## 2023 ജൂൺ

| | | |
|---|---|---|
| 01 വ്യാഴം | : | വി. ജസ്റ്റിൻ |
| 02 വെള്ളി | : | മാസാദ്യവെള്ളി (സ്വർണ്ണവെള്ളി) |
| 04 ഞായർ | : | **പരി. ത്രിത്വത്തിന്റെ തിരുനാൾ**<br>ശ്ലീഹാക്കാലം രണ്ടാം ഞായർ |
| 08 വ്യാഴം | : | **പരി. കുർബാനയുടെ തിരുനാൾ**<br>**വി. മറിയം ത്രേസ്യയുടെ തിരുനാൾ** |
| 09 വെള്ളി | : | മാർ അപ്രേം |
| 10 ശനി | : | ബർണ്ണബാസ് ശ്ലീഹ (11 ഞായർ) |
| 11 ഞായർ | : | ശ്ലീഹാക്കാലം മൂന്നാം ഞായർ |
| 13 ചൊവ്വ | : | **പാദുവായിലെ വി. അന്തോണീസ്** |
| 16 വെള്ളി | : | **ഈശോയുടെ തിരുഹൃദയത്തിരുനാൾ** |
| 17 ശനി | : | **പരി. മാതാവിന്റെ വിമലഹൃദയത്തിരുനാൾ** |
| 18 ഞായർ | : | ശ്ലീഹാക്കാലം നാലാം ഞായർ |
| 22 വ്യാഴം | : | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 24 ശനി | : | **വി. സ്നാനപകയോഹന്നാന്റെ ജനനം** |
| 25 ഞായർ | : | ശ്ലീഹാക്കാലം അഞ്ചാം ഞായർ |
| 28 ബുധൻ | : | വി. ഇരണേവൂസ് |
| 29 വ്യാഴം | : | **വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ**<br>(കടമുള്ള ദിവസം) |

# സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. പോൾ ചാലിശ്ശേരി | 21.06.1982 |
| റവ. ഫാ. ജോസ് അക്കരക്കാരൻ | 21.06.1989 |
| റവ. ഫാ. ജേക്കബ്ബ് പറനിലം | 01.06.1991 |
| റവ. ഫാ. ജേക്കബ്ബ് മാഞ്ഞൂരാൻ | 24.06.1999 |
| റവ. ഫാ. ജോസ് എ. വാഴപ്പിള്ളി | 04.06.2000 |
| റവ. ഫാ. ജോർജ്ജ് ചിറപ്പണത്ത് | 08.06.2003 |
| റവ. ഫാ. ആന്റണി വെള്ളാനിപറമ്പിൽ | 13.06.2011 |

# മതബോധനം

**1. വിശ്വാസപരിശീലനം - രൂപതാതല പ്രവർത്തന ഉദ്ഘാടനം**

ഇരിങ്ങാലക്കുട രൂപത മതബോധന അദ്ധ്യയന വർഷ ഉദ്ഘാടനം ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നടത്തി. ഹൊസൂർ രൂപത ബിഷപ്പ് മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ 'ക്രിസ്തുദർശനം ജീവിത നവീകരണത്തിന്' എന്ന ആപ്ത വാക്യത്തിൽ ഊന്നിയ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നിലവിളക്ക് തെളിയിച്ച് ഉദ്ഘാടനം ചെയ്തു.

**2. വിശ്വാസപരിശീലനം ഇടവകകളിൽ**

2023 മെയ് 28-ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ വിദ്യാരംഭ ശുശ്രൂഷയും പ്രവേശനോത്സവവും നടത്തികൊണ്ട് പുതിയ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു.

**3. 2022-2023 അദ്ധ്യയന വർഷത്തിലെ മികച്ച യൂണിറ്റുകൾ**

**100 ന് താഴെ വിദ്യാർത്ഥികളുള്ള യൂണിറ്റുകൾ**

First - St. Sebastian's Church , Kallamkunnu
Second - St. Mary's Church, Nandikara
Third - St. Sebastian's Church, Vadachira

**100നും 200നും ഇടയ്ക്ക് കുട്ടികളുള്ള യൂണിറ്റുകൾ**

First - St. Antony's Church, Vasupuram
Second - St. Joseph's Church, Oorakam
Third - St. Sebastian's Church, Porathissery

**200നും 400നും ഇടയ്ക്ക് കുട്ടികളുള്ള യൂണിറ്റുകൾ**

First - St. Mary's Assumption Church, Nadavaramba
Second - St. Joseph's Church, Pazhookara
Third - St. John's Nepumcian Forane Church, Parappukara

**400ന് മുകളിൽ കുട്ടികളുള്ള യൂണിറ്റുകൾ**

First - St. Sebastian's Forane Church, Kuttikad
Second - Infant Jesus Church, Meladoor
Third - Our Mother of P. Help Church, Chalakudy West

**4.** 2022-2023 അദ്ധ്യയന വർഷത്തിലെ Intensive Faith Lab Diary യുടെ മത്സരത്തിൽ പങ്കെടുത്ത് ഫൊറോന തലത്തിൽ ഒന്നാം സമ്മാന ത്തിന് അർഹരായ യൂണിറ്റുകൾ താഴെ ചേർക്കുന്നു.

| Forane | Parish |
|---|---|
| Ambazhakad | St. Mary's Church, Vennur |
| Chalakudy | St. Francis Assisi Church, Elinjapra, Bethleham |
| Edathiruthy | Christ King Church, Edamuttam |
| Irinjalakuda | St. Joseph's Church, Oorakam |
| Kodakara | St. Sebastian's Church, Kodunga |
| Kuttikad | St. Joseph's Church, Maramcode |
| Mala | St. Sebastian's Church, Thirumukulam |
| Parappukara | St. John's Forane Church, Parappukara |
| Puthenchira | St. John's Church, Kuthirathadam |

5. 2023-2024 അദ്ധ്യയന വർഷത്തിന്റെ ആപ്തവാക്യമായ 'ക്രിസ്തു ദർശനം ജീവിതനവീകരണത്തിന്' എന്ന വിഷയത്തെ കുറിച്ചുള്ള ലോഗോ മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. മത്സരത്തിൽ ഒന്നാം സ്ഥാനം അമല സി.ജെ. (കർമ്മലമാത ഫൊറോന ചർച്ച്, എടത്തിരുത്തി), രണ്ടാം സ്ഥാനം റിയ ജെയ്സൻ (സെന്റ് മേരീസ് ചർച്ച്, നടവരമ്പ്), മൂന്നാം സ്ഥാനം ഗോഡ്‌വിൻ ഡേവിസ് (മേരി ഇമ്മാക്കുലേറ്റ് ചർച്ച്, കുഴൂർ) എന്നിവർ കരസ്ഥമാക്കി.

6. **യൂണിറ്റ് സെക്രട്ടറിമാരുടെ സമ്മേളനം**

2023 ജൂൺ 24-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണി വരെ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽവച്ച് നടത്തുന്നതാണ്. എല്ലാ യൂണിറ്റുകളിലെയും സെക്രട്ടറിമാർ ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

7. **അവാർഡ് ദാനവും സമ്മാന വിതരണവും**

2022-2023 മതാദ്ധ്യായന വർഷത്തിൽ വിശ്വാസപരിശീലന രംഗത്ത് 25 വർഷം ശുശ്രൂഷ ചെയ്ത അദ്ധ്യാപകർക്കും മതാദ്ധ്യാപക പരീക്ഷയിൽ O, A+, A, B+ എന്നീ ഗ്രേഡുകൾ നേടി സമ്മാനത്തിനർഹരായവർക്കും IFL ഡയറി തയ്യാറാക്കിയതിൽ ഫൊറോന തലത്തിൽ ഒന്നാം സമ്മാനത്തിനർഹരായ യൂണിറ്റുകൾക്കും, കയ്യെഴുത്ത് മാസിക മത്സരത്തിൽ സമ്മാനം നേടിയ യൂണിറ്റുകൾക്കും ജൂലൈ 1-ാം തിയ്യതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

2022-2023 അദ്ധ്യയന വർഷത്തിലെ വിവിധ പരീക്ഷകൾക്ക് റാങ്ക് നേടിയ വിദ്യാർത്ഥികൾക്കും, 12 വർഷം മതബോധന ക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുത്ത വിദ്യാർത്ഥികൾക്കും, ബെസ്റ്റ് യൂണിറ്റുകൾക്കും ജൂലൈ 3-ാം തിയ്യതി തിങ്കളാഴ്ച നടത്തുന്ന അവാർഡ് ദാന ചടങ്ങിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

8. **മതബോധന ഡയറി**

പുതിയ അദ്ധ്യയന വർഷത്തിൽ രൂപതമതബോധന ഡയറി പ്രകാരം മതബോധന പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്. എല്ലാ മതാദ്ധ്യാപകർക്കും ഡയറി ഉണ്ടായിരിക്കേണ്ടതാണ്.

9. **പ്രധാനദ്ധ്യാപകരുടെ നിയമനം**

രൂപതാമാർഗ്ഗരേഖയിൽ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശമനുസരിച്ച് കാലാവധി പൂർത്തിയാക്കുന്ന പ്രധാന അദ്ധ്യാപകർക്ക് പകരമായി നിയമിക്കപ്പെടുന്ന പ്രധാനദ്ധ്യാപകൻ/പ്രധാനദ്ധ്യാപിക, യൂണിറ്റ് സെക്രട്ടറി എന്നിവരുടെ വിശദവിവരങ്ങൾ അടങ്ങിയ വികാരിയച്ചന്റെ നിയമന പത്രിക രേഖാമൂലം എത്രയും വേഗത്തിൽ വിദ്യാജ്യോതിയിൽ ഏൽപിക്കേണ്ടതാണ്.

10. **സ്കൂൾ മതസന്മാർഗ്ഗബോധന ക്ലാസ്സുകൾ**

2023-2024 അദ്ധ്യയന വർഷത്തിലെ സ്കൂൾ മതസന്മാർഗ്ഗബോധന ക്ലാസ്സുകൾ ജൂൺ 14-ാം തിയ്യതി ബുധനാഴ്ച ആരംഭിക്കേണ്ടതാണ്. ഓരോ സ്കൂളിലേക്കും ആവശ്യമായ പാഠപുസ്തകങ്ങൾ വിദ്യാജ്യോതിയിൽ നിന്നും ലഭിക്കുന്നതാണ്.

11. **സ്കൂൾ മതസന്മാർഗ്ഗബോധന അദ്ധ്യാപക പ്രതിനിധി മീറ്റിംങ്ങ്**

2023-2024 പുതിയ അദ്ധ്യയന വർഷത്തോടനുബന്ധിച്ച് ജൂൺ 14-ാം തിയ്യതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ സ്കൂൾ വേദോപദേശം, സന്മാർഗ്ഗശാസ്ത്രം എന്നീ വിഷയങ്ങളുടെ അദ്ധ്യാപക പ്രതിനിധികൾക്കുള്ള മീറ്റിംങ്ങ് വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. അന്നേദിവസം ഈ മീറ്റിംഗിലേക്ക് മോറൽ സയൻസ്, സ്ക്കൂൾ മതബോധനം എന്നീ വിഷയങ്ങളുടെ അദ്ധ്യാപക പ്രതിനിധികൾ വരേണ്ടതാണ്.

12. **അഭിനന്ദനങ്ങൾ**

Daily Catechism - റാങ്ക് ജേതാക്കൾ

**Std. IV**

1st Rank



**AgnaTixan**
St. Sebastian's LPS, Kuttikad

2nd Rank



**Samuel A.S.**
SCLPS, Kottackal, Mala

3rd Rank



**Anjo Manoj**
St. Ann's CLPS, Koplipadam

| Sl.No. | Name of Student | Name of Parish | Rank |
|---|---|---|---|
| 4 | Carmel Siyona E.S | Marthoma EMUPS, Azhikode | IV |
| 5 | Abhishai Lorence | LFCLPS, Irinjalakuda | V |
| 6 | Juwel Mariya Saji | St. Sebastian's LPS, Kuttikad | VI |
| 7 | Manuel P. Denny | St. Antony's CUPS, Elinjipra | VII |
| 8 | Hanna Jino | SHCGLPS, Chalakudy | VIII |
| 9 | Amanda Ann K. Sijo | St. Ann's CLPS, Koplipadam | IX |
| 10 | Issac P. Denny | St. Antony's CUPS, Elinjipra | X |
| 11 | Alwin Anto | St. George UPS, Karanchira | X |

## Std. VII

1st Rank



**Fabiyon Shoby**
St. Mary's GHS,
Kuzhikkattussery

2nd Rank



**Analiya K.J.**
LFCHS,
Irinjalakuda

3rd Rank



**Anna Jose**
Soccorsso
CGHS,
Kottackal Mala

| Sl.No. | Name of Student | Name of Parish | Rank |
|---|---|---|---|
| 4 | Helen Hans | Soccorso CGHS, Kottackal, Mala | IV |
| 5 | Sandra Theres Raj | St. Joseph's EMHSS, Aloor | V |
| 6 | Alphin Biju | St. Joseph's EMHSS, Aloor | VI |
| 7 | Ann Raichel | LFCHS, Irinjalakuda | VII |
| 8 | Ammu Jain | St. Joseph's EMHSS, Aloor | VIII |
| 9 | Anas Baiju | St. Antony's CHS, Kottat | IX |
| 10 | Alna Jaison | LFCHS, Irinjalakuda | X |

## Std. X

1st Rank




**Nova Maria Sijo**
St. Joseph's
EMHSS, Aloor

2nd Rank



**Diya Maria**
St. Mary's
GHS,
Kuzhikkattussery

3rd Rank



**Jisa Jose**
St. Joseph's
EMHSS, Aloor

| Sl.No. | Name of Student | Name of Parish | Rank |
|---|---|---|---|
| 4 | Ann sinta Biju | St. Don Bosco GHS, Kodakara | IV |
| 5 | Elizabath Jojo | St. Joseph's EMHSS, Aloor | V |
| 6 | Jeena George | St. Don Bosco GHS, Kodakara | VI |
| 7 | Ann Mariya Johnson | SHCGHSS, Chalakudy | VII |
| 8 | Agna Rose Antony | SHCGHSS, Chalakudy | VIII |
| 9 | Filna A. Jofin | LFCHS, Irinjalakuda | IX |
| 10 | Ann Rose Anto | St. Anne's GHS, Edathiruthy | X |

**Moral Science - റാങ്ക് ജേതാക്കൾ**

1st Rank



**Ann Mariya P.B.**
SHCGHSS,
Chalakudy

3rd Rank



**Badra Rajan**
SHCGHSS,
Chalakudy

**11. യാത്രാമംഗളങ്ങൾ**

ഏഴുവർഷക്കാലം ഇരിങ്ങാലക്കുട രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ രൂപത മതബോധന സെക്രട്ടറിയായി സ്തുത്യർഹമായ

സേവനം കാഴ്ചവച്ച ബഹു. സി. ലിസ്യു മരിയ ഡി.ഡി.പി. ക്ക് ഹൃദയം നിറഞ്ഞ നന്ദി.

**12. ഹൃദ്യമായ സ്വാഗതം**

ഇരിങ്ങാലക്കുട വിദ്യാജ്യോതി വിശ്വാസപരിശീലന കേന്ദ്രത്തിൽ രൂപതാ മതബോധന സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന ബഹു. സി. മരിയറ്റ് എഫ്.സി.സി. യ്ക്ക് വിദ്യാജ്യോതി കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

---

## പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്

**2023 ജൂലൈ 08 ശനിയാഴ്ച**

**രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ**

അന്നത്തെ ചർച്ചകൾക്ക് മുന്നോടിയായി ജൂൺ മാസത്തിൽ ഇടവകതലത്തിലെ കുടുംബകൂട്ടായ്മകൾ/കേന്ദ്രസമിതി/ഏകോപനസമിതി/പ്രതിനിധിയോഗം എന്നിവയിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ താഴെ കൊടുക്കുന്നു.

1. വിശ്വാസ രൂപീകരണം: കൂദാശകളിലൂടെ, കുടുംബജീവിതത്തിലൂടെ, സാമൂഹ്യ ജീവിത പങ്കാളിത്തത്തിലൂടെ.
2. പ്രേഷിത ചൈതന്യം: ഇടവകതലപ്രവർത്തനങ്ങൾ, രൂപതാതല പ്രവർത്തനങ്ങൾ, രൂപതയ്ക്ക് പുറത്തുള്ള മിഷൻ പ്രവർത്തനങ്ങൾ.
3. സമുദായ ശാക്തീകരണം: വിവിധ ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യം, കത്തോലിക്കാസഭയിലെ ഐക്യം, സീറോ മലബാർ സഭയ്ക്കുള്ളിലെ ഐക്യം.

2023 ജൂൺ മാസത്തിലെ ഇടവകതല ചർച്ചകൾക്കുശേഷം ജൂലൈ 1-ാം തിയ്യതി ഫൊറോന കൗൺസിലുകൾ കൂടി ഇടവക തല റിപ്പോർട്ടുകൾ ചർച്ച ചെയ്ത് ഫൊറോന കൗൺസിലുകളുടെ റിപ്പോർട്ട് ജൂലൈ 4ന് മുൻപായി രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർക്ക് നൽകേണ്ടതാണ്. ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**മോൺ. ജോസ് മഞ്ഞളി**
വൈസ് പ്രസിഡന്റ്

**ഫാ. ഡോ. ലാസർ കുറ്റിക്കാടൻ**
ജനറൽ സെക്രട്ടറി

**ശ്രീ. ഡേവിസ് ഊക്കൻ**
സെക്രട്ടറി

**ശ്രീമതി ആനി ആന്റു**
സെക്രട്ടറി

# സെന്റ് പോൾസ് മൈനർ സെമിനാരി

1. **ദൈവവിളി ധ്യാനം**

   2023ലെ വൊക്കേഷൻ റിട്രീറ്റ് ഏപ്രിൽ 26 മുതൽ 29 വരെ സെന്റ് പോൾസ് മൈനർ സെമിനാരിയിൽവച്ച് നടന്നു. 20 കുട്ടികൾ പങ്കെടുത്തു. മൈനർ സെമിനാരി റെക്ടർ ഫാ. ഡേവിസ് കിഴക്കുംതല ആമുഖസന്ദേശം നൽകി. ഫാ. ജിൽസൻ പയ്യപ്പിള്ളി, ഡീക്കൻ ജോസഫ് പയ്യപ്പിള്ളി എന്നിവർ റിട്രീറ്റിന് നേതൃത്വം കൊടുത്തു. പൗരോഹിത്യത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഉതകുന്നതായിരുന്നു ക്ലാസ്സുകൾ. റിട്രീറ്റിന് കുട്ടികളെ പറഞ്ഞയച്ച എല്ലാ വൈദികർക്കും പ്രാർത്ഥിച്ചവർക്കും നന്ദി രേഖപ്പെടുത്തുന്നു.

2. **ലീഡേഴ്സ് മീറ്റ്**

   രൂപത അൾത്താരസംഘത്തിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽനിന്നും അൾത്താരസംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽവച്ച് മെയ് 1ന് ലീഡേഴ്സ് മീറ്റ് നടത്തി.

3. **വൈദികവസ്ത്ര സ്വീകരണം**



ഇരിങ്ങാലക്കുട രൂപത മൈനർ സെമിനാരിയിൽവച്ച് രൂപതയ്ക്കുവേണ്ടി പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 6 വൈദിക വിദ്യാർത്ഥികൾ മാർ പോളി കണ്ണൂക്കാടൻ പിതാവിൽനിന്ന് മെയ് 6-ാം തിയ്യതി വൈദിക വസ്ത്രം സ്വീകരിച്ചു. മെയ് 2 മുതൽ 5 വരെ പുത്തൻചിറ പാദുവ ആശ്രമത്തിലെ റവ. ഫാ. ഏലിയാസ് OFM Conv. വൈദിക വസ്ത്ര സ്വീകരണത്തിന്റെ ഒരുക്കമായുള്ള ധ്യാനം നയിച്ചു.

ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളാണ് വൈദികവസ്ത്ര സ്വീകരണത്തിന് ഒരുക്കങ്ങൾ നടത്തിയത്.

**4. ഇന്റർവ്യൂ**

ഈ വർഷം രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കുള്ള ഇന്റർവ്യൂ മെയ് 9-ാം തിയ്യതി മാർ പോളി കണ്ണൂക്കാടൻ പിതാവ് മൈനർ സെമിനാരിയിൽവച്ച് നടത്തി. ഇന്റർവ്യൂ കഴിഞ്ഞ് 12 പേരെ തെരഞ്ഞെടുത്തു. പരിശീലനം നേടാൻ ആഗ്രഹിക്കുന്ന കുട്ടികൾ അവരുടെ മാതാപതാക്കളോടൊപ്പമാണ് മൈനർ സെമിനാരിയിൽ എത്തിയത്. അന്നേദിവസം ഉച്ചയോടെ ഇന്റർവ്യൂ കഴിഞ്ഞ് അവർ ഭവനങ്ങളിലേക്ക് മടങ്ങി.

**5. ഇവാല്യുവേഷൻ ഗാതറിങ്ങ്**

ഇരിങ്ങാലക്കുട രൂപതയിലെ മേജർ സെമിനാരിക്കാരുടെ അവധിക്കാല പ്രോഗ്രാമുകളുടെ വിലയിരുത്തലിനായി തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്ന വൈദികവിദ്യാർത്ഥികൾ മെയ് 18-ാം തിയ്യതി മൈനർ സെമിനാരിയിൽ ഒരുമിച്ചുകൂടി. വൈദികവിദ്യാർത്ഥികളുടെ ഉത്തരവാദിത്ത്വമുള്ള വികാരി ജനറാൾ മോൺ. ജോസ് മാളിയേക്കൽ മീറ്റിങ്ങിന് അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് മുസരിസ്, ചെറായി ബീച്ച് എന്നീ സ്ഥലങ്ങളിക്കേ് വിനോദയാത്രയും ഉണ്ടായിരുന്നു.

**6. സെമിനാരി തുറന്നു**

വേനലവധിക്കുശേഷം മെയ് 22ന് മൈനർ സെമിനാരി വൈദികവിദ്യാർത്ഥികൾ എത്തിചേർന്നു. ജൂൺ മാസം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപ് രണ്ട് ആഴ്ച Intensive English Grammar Courseൽ വൈദിക വിദ്യാർത്ഥികൾ പങ്കെടുത്തു.

**8. സാമ്പത്തിക സഹായം നൽകിയവർ**

| | |
|---|---|
| 1. മേരീസ് അന്ന ഊക്കൻ, എടക്കുളം | 25,000 |
| 2. ഹോളി ഫാമിലി ചർച്ച്, വെള്ളിക്കുളങ്ങര | 50,000 |
| 3. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കല്ലംകുന്ന് | 30,000 |
| 4. സെന്റ് മേരീസ് ചർച്ച്, കരുവന്നൂർ | 25,000 |
| 5. ജെയ്സൻ പഞ്ഞിക്കാരൻ, വാടച്ചിറ | 5,000 |
| 6. ഫാത്തിമനാഥ ചർച്ച്, മണ്ണൂക്കാട് | 20,000 |

**ഫാ. ഡേവിസ് കിഴക്കുംതല**
റെക്ടർ

# അൾത്താരസംഘം

**1. ലീഡേഴ്സ് മീറ്റ്**

രൂപത അൾത്താരസംഘത്തിന്റെ നേതൃത്വത്തിൽ വിവിധ ഇടവക കളിൽനിന്നും അൾത്താരസംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽവച്ച് മെയ് 1ന് ലീഡേഴ്സ് മീറ്റ് നടത്തി. റവ. ഫാ. ജോഷി കല്ലേലി നേതൃത്വ വികസന വർക്ക്ഷോപ്പിന് നേതൃത്വം നൽകി. രൂപത അൾത്താരസംഘം ഡയറക്ടർ ഫാ. ജിൽസൻ പയ്യപ്പിള്ളി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഡീക്കൻ ജേക്കബ് കുറ്റിക്കാടന്റെ നേതൃത്വത്തിൽ മേജർ സെമിനാരി ബ്രദേഴ്സാണ് ലീഡേഴ്സ് മീറ്റ് നടത്തിയത്. ഉച്ചകഴിഞ്ഞ് രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഉണ്ടായിരുന്നു. 102പേർ പങ്കെടുത്തു. ഇടവകയിൽനിന്ന് കുട്ടികളെ പങ്കെടുപ്പിച്ചവർക്കും മറ്റു സഹായങ്ങൾ നൽകി സഹകരിച്ചവർക്കും നന്ദി.

**2023 – 2024 വർഷത്തെ രൂപത ഭാരവാഹികൾ**

*പ്രസിഡന്റ്* - അലൻ കെ.ഡി., പാറേക്കാട്ടുകര
*വൈസ് പ്രസിഡന്റ്* - അമൽ ഡോജി, ചാലക്കുടി ഫൊറോന
*സെക്രട്ടറി* - ജെലിൻ എം.ജെ., കുഴിക്കാട്ടുകോണം
*ജോയിന്റ് സെക്രട്ടറി* - ഡിയോൺവിൻ ഷാജു, തുമ്പരശ്ശേരി
*ട്രഷറർ* - ജെസ്‌ലെറ്റ് ജോയ്, വടക്കുംകര
*കമ്മിറ്റി അംഗങ്ങൾ*
ഐവിൻ കെ.ഡി., പുത്തൻവേലിക്കര
ജിബിൻ കല്ലൂക്കാരൻ, താഴൂർ
ആന്റണി വർഗ്ഗീസ്, കടുപ്പശ്ശേരി
റെസ്‌വിൻ കെ. റെന്നി, വെള്ളാനി
സാൻജോ ഷൈജു, ഇരിങ്ങാലക്കുട കത്തീഡ്രൽ

**2. സാവിയോ ഫെസ്റ്റ്**

ഇരിങ്ങാലക്കുട രൂപത അൾത്താരസംഘത്തിന്റെ വാർഷികദിനവും വി. ഡൊമിനിക് സാവിയോ ദിനവും സംയുക്തമായി മെയ് 5ന് കത്തീഡ്രൽ പാരിഷ് ഹാളിൽവച്ച് ആഘോഷിച്ചു. വിവിധ ഇടവക കളിൽനിന്ന് 200ഓളം അൾത്താരസംഘാംഗങ്ങൾ പങ്കടുത്തു. രൂപതയുടെ വികാരി ജനറാൾ മോൺ. ജോസ് മഞ്ഞളി ഉദ്ഘാടനം നിർവ്വഹിച്ചു. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. പയസ് ചിറപ്പണത്ത് ആശംസകൾ അർപ്പിച്ചു. അൾത്താരസംഘം അംഗങ്ങൾക്ക്



ഉണ്ടായിരിക്കേണ്ട ഗുണങ്ങളെക്കുറിച്ച് രൂപത ഡയറക്ടർ ഫാ. ജിൽസൻ പയ്യപ്പിള്ളി സംസാരിച്ചു. തുടർന്ന് നടന്ന റാലി കത്തീഡ്രൽ പള്ളിയൽ സമാപിച്ചു. കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയ്ക്കുശേഷം അൾത്താരസംഘം അംഗങ്ങൾ വി. ഡൊമിനിക് സാവിയോയുടെ അലങ്കരിച്ച ചിത്രത്തിന് മുമ്പിൽ തങ്ങളുടെ പ്രതിജ്ഞ പുതുക്കി. ഉച്ചഭക്ഷണത്തിനുശേഷം പാരിഷ് ഹാളിൽവച്ച് സീനിയർ അൾത്താരസംഘം അംഗങ്ങളായ ശ്രീ. ലോറൻസ് പോൾ പടിഞ്ഞാറേക്കാരൻ എഴുതി, ശ്രീ. ജോസഫ് അക്കരക്കാരൻ ഈണം പകർന്ന ഗാനം കുട്ടികളെ പഠിപ്പിച്ചു. തുടർന്ന് പാനൽ ഡിസ്കഷനായിരുന്നു. അൾത്താരസംഘം മുൻ രൂപത ഡയറക്ടർ ഫാ. റിജോയ് പഴയാറ്റിൽ, സീനിയർ അൾത്താരസംഘം അംഗമായ ഡോ. ഷാജി ജേക്കബ്, ശ്രീ. ആൻഡേഴ്സൻ എന്നിവർ പാനലിൽ ഉണ്ടായിരുന്നു. അവർ തങ്ങളുടെ മുൻകാല അനുഭവങ്ങൾ പങ്കുവച്ചു. രൂപത ഡയറക്ടർ എല്ലാവർക്കും നന്ദിയർപ്പിച്ചു. ഡീക്കൻ ജേക്കബ് കുറ്റിക്കാടനും ബ്രദേഴ്സുമാണ് സാവിയോ ഫെസ്റ്റിന് നേതൃത്വം നൽകിയത്. കളികളും പാട്ടുകളും അടങ്ങിയ ഈ ഏകദിന പ്രോഗ്രാം അൾത്താരസംഘം അംഗങ്ങൾക്ക് പുതിയ ഉണർവ് നൽകി. ബഹു. ബ്രദേഴ്സിനെയും, കുട്ടികളെ പ്രോഗ്രാമിൽ പങ്കെടുപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ വൈദികരെയും, സഹകരണവും സഹായവും നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ജിൽസൻ പയ്യപ്പിള്ളി**
ഡയറക്ടർ

# ബ്ലസ് എ ഹോം

1. ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് 2400 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ പത്ത് കോടി പതിനെട്ട് ലക്ഷത്തി അറുപത്താറായിരത്തി എണ്ണൂറ്റി അമ്പത് (10,18,66,850/-) രൂപ നൽകി.

2. **ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നൽകിയവർ**

| | | |
|---|---|---|
| 01. | ജോയ് ആലൂക്കാസ് ഫൗണ്ടേഷൻ, തൃശ്ശൂർ | 20,000.00 |
| 02. | ജോൺ ഫ്രാൻസ്സീസ്, കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 20000.00 |
| 03. | കെ. ടി. ജോസ്, കോലങ്കണ്ണി | 50,000.00 |
| 04. | മേരിക്കുട്ടി പി.എ., കൈതയിൽ, ചാലക്കുടി | 5,000.00 |
| 05. | പീറ്റർ ആന്റണി കോമ്പാറക്കാരൻ, കാട്ടൂർ | 20000.00 |
| 06. | ബീന എ.ജി, മുത്രത്തിക്കര | 5,000.00 |
| 07. | അഡ്വ. എൻ.ജെ. ബേബി | 10000.00 |
| 08. | ഔർ ലേഡി ഓഫ് ഫാത്തിമ ചർച്ച്, വെള്ളാഞ്ചിറ | 12001.00 |
| 09. | ലിറ്റിൽ ഫ്ളവർ കോൺവെന്റ്, ഇരിങ്ങാലക്കുട | 5,000.00 |
| 10. | സേക്രട്ട് ഹാർട്ട് എഫ്.സി.സി. കോൺവെന്റ്, ചാലക്കുടി | 5,000.00 |
| 11. | സേക്രട്ട് ഹാർട്ട് നേഴ്സിംഗ് സ്കൂൾ, പുല്ലൂർ | 5,000.00 |
| 12. | സി.എം.സി. കോൺവെന്റ്, വൈന്തല | 5,000.00 |
| 13. | പ്രൊവിൻഷ്യൽ സുപ്പീരിയർ, (സി.എസ്.സി) ഡി പോൾ പ്രൊവിൻസ്, പോട്ട | 5,000.00 |
| 14. | സാംസൺ ചാക്കപ്പൻ, കണ്ണൂക്കാടൻ, വെസ്റ്റ് ചാലക്കുടി | 12,000.00 |
| 15. | വികാരി & പാരീഷ്നേഴ്സ്, സെന്റ് തോമസ് കത്തീഡ്രൽ, ഇരിങ്ങാലക്കുട | 20,500.00 |
| 16. | റവ. ഫാ. ക്ലമന്റ് ചിറയത്ത് | 10,000.00 |
| 17. | പീറ്റർ ആന്റണി, കോമ്പാറക്കാരൻ | 20,000.00 |
| 18. | വികാരി & പാരീഷ്നേഴ്സ്, സെന്റ് മേരീസ് ചർച്ച്, മുത്രത്തിക്കര | 5000.00 |
| 19. | സെന്റ് ജോർജ് ക്വാസി ചർച്ച്, രാപ്പാൾ | 5000.00 |
| 20. | വികാരി & പാരീഷ്നേഴ്സ്, സെന്റ് സേവ്യഴ്സ് ചർച്ച്, സൗത്ത് താണിശ്ശേരി | 10,000.00 |
| 21. | റവ. സി. സുപ്പീരിയർ, അന്റോണിയം റിന്യൂവൽ സെന്റർ, കൊന്നക്കുഴി | 12,000.00 |
| 22. | റവ. മദർ പ്രൊവിൻഷ്യൽ, സി.എം.സി ഉദയ പ്രൊവിൻഷ്യൽ ഹൗസ്, ഇരിങ്ങാലക്കുട | 10,000.00 |

| | | |
|---|---|---|
| 23. | റവ. മദർ ജനറൽ, ഹോളി ഫാമിലി ജനറലേറ്റ് (സി.എച്ച് എഫ്) മണ്ണുത്തി | 25,000.00 |
| 24. | റവ. ഫാ. പോളി കണ്ണമ്പുഴ സി. എസ്.എസ്.ആർ, അങ്കമാലി | 15,000.00 |
| | **ആകെ** | **3,11,501.00** |

**ഫാ. മെഫിൻ തെക്കേക്കര**
ഡയറക്ടർ

## നവചൈതന്യ

**1. 2023 മെയ് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 04 | : | ഫോളോ അപ്പ് & ആദ്യഞായർ കൂട്ടായ്മ |
| 07 | : | സ്റ്റാഫ് മീറ്റിങ്ങ് & പ്രാർത്ഥനാദിനം |
| 10 – 17 | : | ലഹരിമോചന പരിശീലന ക്യാമ്പ് |
| 18 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 25 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 20 – 24 | : | ഫീൽഡ് വിസിറ്റ് |
| 28 | : | അവധി |
| 26 – 27 | : | ഫീൽഡ് വിസിറ്റ് |
| 29 – 30 | : | ഫീൽഡ് വിസിറ്റ് |

2. **ഇന്നലെകൾ:** മെയ് മാസത്തെ ആദ്യഞായർ കൂട്ടായ്മയിൽ 63 പേർ പങ്കെടുത്തു. ഡയറക്ടർ ജോൺപോളച്ചന്റെ നേതൃത്വത്തിൽ ദിവ്യ ബലിയും, വചന സന്ദേശവും, പ്രത്യേക പ്രാർത്ഥനയും നടത്തി. ക്യാമ്പേഴ്സ് ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. തുടർന്ന്, ഓരോ വ്യക്തി കൾക്കും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി. 368-ാമത്തെ ക്യാമ്പിൽ 35 പേർ പങ്കെടുത്തു. ക്യാമ്പിലെ കുടുംബ ദിനത്തിൽ 9 പേരെ ലഹരി വിമുക്ത ജീവിതത്തിന്റെ മെഡൽ നൽകി ആദരിച്ചു. ക്യാമ്പംഗങ്ങൾക്ക് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് വി. കുർബാനയും വചനസന്ദേശവും ആശീർവാദവും നൽകി. തുടർന്ന്, ജപമാലയും മധുരപലഹാരങ്ങളും വിതരണം ചെയ്തു. 29 ക്യാമ്പംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ടതായ നിർദ്ദേശങ്ങൾ നൽകി.

**ഫാ. ജോൺ പോൾ ഈയ്യന്നം**
ഡയറക്ടർ

1. **ബൈബിൾ പകർത്തിയെഴുതി 380 പേർ മാതൃകയായി**



രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ബൈബിൾ പകർത്തിയെഴുതുന്ന മത്സരമായ "ലാബിബ്ലിയ 2023" സംഘടിപ്പിച്ചു. അമ്പത് ദിവസങ്ങൾക്കൊണ്ട് പ്രായ ഭേദമന്യേ കുട്ടികളും മുതിർന്നവരും ഉൾപ്പടെ 385 പേർ ബൈബിൾ പകർത്തിയെഴുതി മാതൃകയായി. ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച് പോട്ട ചെറുപുഷ്പ ഇടവക ഒന്നാം സ്ഥാനവും ചാലക്കുടി സെന്റ് മേരീസ് ഫൊറോന ഇടവക രണ്ടാം സ്ഥാനവും, ആളൂർ പ്രസാദവരനാഥ ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒരു മണിക്കൂർ കൊണ്ട് കഴിയുന്നത്ര തിരുവചനങ്ങൾ കാണാതെ പഠിച്ച് എഴുതുന്ന "വചനം - തിരുവചനം" മത്സരത്തിൽ രൂപതാ തലത്തിൽ 309 പേർ പങ്കെടുത്തു. മത്സരങ്ങളിൽ പങ്കെടുത്ത വർക്കുള്ള സമ്മാനങ്ങൾ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ വിതരണം ചെയ്തു.

2. **23-ാം ലോഗോസ് ക്വിസ് 2023**

❖ *പഠനഭാഗങ്ങൾ*

| | |
|---|---|
| ജോഷ്വ 13 - 24 | പ്രഭാഷകൻ 27 - 33 |
| ലൂക്കാ 1 - 3 | 2 കോറിന്തോസ് 1 - 6 |

❖ *പ്രായവിഭാഗങ്ങൾ*

A വിഭാഗം : 01.01.2012നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം : 01.01.2007നും 31.12.2011 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 01.01.1992നും 31.12.2006 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 01.01.1972നും 31.12.1991 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 01.01.1959നും 31.12.1971 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31.12.1958നും അതിനു മുമ്പും ജനിച്ചവർ

❖ *രജിസ്ട്രേഷൻ ആരംഭിക്കുന്നത് :* 2023 ജൂൺ 1

❖ *രജിസ്ട്രേഷൻ അവസാനിക്കുന്നത് :* 2023 ജൂലൈ 31

❖ *പരീക്ഷതിയ്യതി:* 2023 സെപ്തംബർ 24 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

❖ *ഉപയോഗിക്കേണ്ട ബൈബിൾ:* പി.ഒ.സി. ബൈബിൾ

**ഫാ. സീമോൻ കാഞ്ഞിത്തറ**
ഡയറക്ടർ

---

## പാക്സ്

1. **ജൂൺ**

5, 6, 7 - Pre Cana
19, 20, 21 - Pre Cana

**ജൂലൈ**

4, 5, 6 - Pre Cana
31, Aug. 1, 2 - Pre Cana

2. **ഹോം മിഷൻ**

ഇരിങ്ങാലക്കുട രൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സ് നടത്തുന്ന 2023 വർഷത്തിലെ ഹോം മിഷൻ ജൂലൈ മുതൽ ആരംഭിക്കുന്നു. ഹോം മിഷൻ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ പാക്സുമായി ബന്ധപ്പെടുക.

Contact Number 0480 - 2880878, 8281298782

**ഫാ. ജോജി പാലമറ്റത്ത്**
ഡയറക്ടർ




## 2023 June

### Birth Days

| | | | |
|---|---|---|---|
| 02 | Rev. Fr. Vadakkan Tom | 17 | Rev. Fr. Payyappilly Sabu |
| 03 | Rev. Fr. Pulluparambil Jose | 19 | Rev. Fr. Kalampanathadathil Sunny |
| 05 | Rev. Fr. Menoth Joy | 20 | Rev. Fr. Thekkineth Arun |
| 06 | Rev. Fr. Cherapanath Pius | | Rev. Fr. Vadakkan Jolly |
| | Rev. Fr. Thekkethala Joseph | 22 | Rev. Fr. Parackal Austin |
| 09 | Rev. Fr. Panadan Anto | 24 | Rev. Fr. Kolamkanny Anoop |
| 10 | Rev. Fr. Ambadan Raphael | 25 | Rev. Fr. Nattekadan Thomas |
| 12 | Rev. Fr. Elamkunnapuzha Kins | 27 | Rev. Fr. Ponminissery Saji |
| 13 | Rev. Fr. Kannookadan Pauly | 29 | Rev. Fr. Konthuruthy Varghese |
| 14 | Rev. Fr. Thattla Kiran | 30 | Rev. Fr. Pozholiparambil Binoy |
| 15 | Rev. Fr. Pellissery Anish | | |

### Feast Days

| | | |
|---|---|---|
| 01 | Rev. Fr. Kakkanadan Jerlit | Rev. Fr. Kannampuzha Sojo |
| | Rev. Fr. Vazhappilly Justin | Rev. Fr. Kalaparambath Lijo |
| 13 | Rev. Fr. Alappadan Antu | Rev. Fr. Karathra Renil |
| | Rev. Fr. Alappat Anto G. | Rev. Fr. Karippai Anto |
| | Rev. Fr. Ayinikkal Dibin | Rev. Fr. Karumalickal Benny |
| | Rev. Fr. Cheriekara Ajith | Rev. Fr. Kavalakkatt John (Sr.) |
| | Rev. Fr. Chethalan Andrews | Rev. Fr. Kodiyan Tinto |
| | Rev. Fr. Chirayath Shaju | Rev. Fr. Kolenchery Jinoj |
| | Rev. Fr. Chittilappilly Femin | Rev. Fr. Kollamvalappil Nivin |
| | Rev. Fr. Chittilappilly Lijo | Rev. Fr. Kuttikadan Jojo |
| | Rev. Fr. Chungath Anto | Rev. Fr. Manjaly Antony |
| | Rev. Fr. Eluvathingal Samson | Rev. Fr. Menachery Johny |

| | | | |
|---|---|---|---|
| | Rev. Fr. Mookanamparambil Wilson | | Rev. Fr. Kappil Jophin |
| | Rev. Fr. Mukkattukarakkaran Antony | | Rev. Fr. Kottackal Binesh |
| | Rev. Fr. Panadan Anto | | Rev. Fr. Manadan Johnson |
| | Rev. Fr. Panamkulam Linto | | Rev. Fr. Pattathil Anoop |
| | Rev. Fr. Panjikkaran Glidin | **29** | **Mar Pauly Kannookadan** |
| | Rev. Fr. Parambath Antony | | Rev. Fr. Ambooken Paul A. |
| | Rev. Fr. Parappully Franco | | Rev. Fr. Attokkaran Nevin |
| | Rev. Fr. Parassery Anto | | Rev. Fr. Chakkiath Jijo |
| | Rev. Fr. Parekkadan Anto | | Rev. Fr. Cheradai Jomin |
| | Rev. Fr. Parekkadan Tony | | Rev. Fr. Cheruvathur Joyal |
| | Rev. Fr. Pellissery Anish | | Rev. Fr. Elamkunnapuzha Paul |
| | Rev. Fr. Plackal Dinto | | Rev. Fr. Irimpan Seejo |
| | Rev. Fr. Pozholiparambil Binoy | | Rev. Fr. Kachappilly Shaju |
| | Rev. Fr. Pudussery Antony | | Rev. Fr. Kaitharath Jeo |
| | Rev. Fr. Pullokaran Antony | | Rev. Fr. Kannampuzha Plogen |
| | Rev. Fr. Thachil Anto | | Rev. Fr. Kannookadan Pauly |
| | Rev. Fr. Thaliyanayath Linto | | Rev. Fr. Kodiyan Rinto |
| | Rev. Fr. Thannadan Franson | | Rev. Fr. Komban Siju |
| | Rev. Fr. Tharackal Joy | | Rev. Fr. Mekkadath Manoj |
| | Rev. Fr. Thattil Kuruvila Milton | | Rev. Fr. Nereparambil Binoy |
| | Rev. Fr. Thattla Kiran | | Rev. Fr. Padayatty Pauly |
| | Rev. Fr. Thekkekara Mefin | | Rev. Fr. Palatty Robin |
| | Rev. Fr. Thekkethala Sanesh | | Rev. Fr. Parackal Austin |
| | Rev. Fr. Thekkineth Antony | | Rev. Fr. Payyappilly Rinto |
| | Rev. Fr. Thekkiniyath Jino | | Rev. Fr. Perepadan Melwin |
| | Rev. Fr. Thoduparambil Jojo | | Rev. Fr. Pudussery Pauly |
| | Rev. Fr. Valappila Roby | | Rev. Fr. Puthoor Shabu |
| | Rev. Fr. Vattoly Anto | | Rev. Fr. Thottiyan Jomy |
| | Rev. Fr. Vattoly Vineesh | | Rev. Fr. Vattaparamban Subish |
| **24** | Rev. Fr. Chungath Aji | | Rev. Fr. Verampilavu Jinto |
| | Rev. Fr. Iyyanam John Paul | | |

# സ്പിരിച്ച്വാലിറ്റി സെന്റർ

1. **ആരാധന:** തിങ്കൾ മുതൽ ശനി വരെ രാവിലെ 6.30നും 8.00നും വിശുദ്ധ കുർബാന, തുടർന്ന് വൈകിട്ട് 5.00 വരെ ആരാധന. വൈകിട്ട് 5ന് വി. കുർബാന.
2. **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും:** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.00 മണി മുതൽ ഉച്ചതിരിഞ്ഞ് 1.00 മണിവരെ വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, ബന്ധനമോചന ശുശ്രൂഷകൾ.
3. **പ്രേഷിത കൂട്ടായ്മ:** ജൂൺ 8-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക്.
4. **ജെറീക്കോ പ്രാർത്ഥന:** ജൂൺ 10-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5.00 മണിയുടെ കുർബാനയ്ക്കുശേഷം.
5. **പരിശുദ്ധ കുർബാനയുടെയും തിരുഹൃദയത്തിന്റെയും സംയുക്ത തിരുനാളും ഉപവാസ പ്രാർത്ഥനാദിനവും ജൂൺ 18ന് ആഘോഷിക്കുന്നു.**
5. **പ്രാർത്ഥന നിയോഗങ്ങൾ:** ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| 1 | Rev. Fr. John Edattukaran | 16 | Rev. Fr. Varghese O. Vazhappilly |
| 2 | Rev. Fr. Ignatius Chungth | 17 | Rev. Fr. Vincent Chalissery |
| 3 | Rev. Fr. John Vazhappily | 18 | Sunday |
| 4 | Sunday | 19 | Rev. Fr. George Mangalan |
| 5 | Rev. Fr. Jose Kavunkal | 20 | Rev. Fr. Davis Ambooken |
| 6 | Rev. Fr. James Kavalakkatt | 21 | Rev. Fr. Anto Parekadan |
| 7 | Rev. Fr. Jose U. Vazhappilly | 22 | Rev. Fr. George Palamattom |
| 8 | Rev. Fr. Antony Pudussery | 23 | Rev. Fr. Varghese Vadakkepeedika |
| 9 | Rev. Fr. Antony Manjaly | 24 | Rev. Fr. Varghese Areekat (Sr.) |
| 10 | Rev. Fr. John Kavalakkatt | 25 | Sunday |
| 11 | Sunday | 26 | Rev. Fr. Anto Thachil |
| 12 | Rev. Fr. Sebastian Maliekal | 27 | Rev. Fr. Jose Panthalookaran |
| 13 | Rev. Fr. Sebastian Arikat | 28 | Rev. Fr. Vincent Alappatt |
| 14 | Rev. Fr. Paul Elamkunnapuzha | 29 | Rev. Fr. Johny Menachery |
| 15 | Rev. Fr. Sebastian Ezhekadan | 30 | Rev. Fr. Jose Palatty |

**മോൺ. വിൽസൻ ഈരത്തറ**
റെക്ടർ

**ഫാ. സീമോൻ കാഞ്ഞിത്തറ**
ജോയിന്റ് റെക്ടർ

# അവാർഡ്

1. **ഗോഡ്സ് എയ്ഞ്ചൽസ് 2K23 – രാജ്യാന്തര നഴ്സസ് ദിനാചരണം** ചാലക്കുടി അവാർഡ് ഒരുക്കിയ രാജ്യാന്തര നഴ്സസ് ദിനാചരണം – ഗോഡ്സ് എയ്ഞ്ചൽസ് 2K23 – കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ ഹോസ്പിറ്റലിൽ വച്ച് മെയ് 12 –ാം തിയ്യതി 3 മണിക്ക് മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സന്ധ്യ നൈസൻ ഉദ്ഘാടനം ചെയ്തു. കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. കവിത അദ്ധ്യക്ഷത വഹിച്ചു. നഴ്സിംഗ് മേഖലയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച വിവിധ ആശുപത്രികളിലേയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും നഴ്സുമാരായ സിസ്റ്റർ ട്രെസലിൻ എഫ്.സി.സി., ശ്രീമതി എൽസി ജോൺസൺ, ശ്രീമതി കെ.കെ. രസരഞ്ജിക, ശ്രീമതി കെ. എൻ. ലതി, ശ്രീമതി എ.ടി. ബിൻസി, ശ്രീമതി എം. വി. ലീന, ശ്രീമതി എം.കെ. ലിന്റ എന്നിവരെ ആദരിച്ചു. അവാർഡ് സെക്രട്ടറി കം ട്രഷറർ ഫാ. ഡിന്റോ തെക്കിനിയത്ത് സ്വാഗതം ആശംസിച്ച യോഗത്തിൽ അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മനോജ് കരിപ്പായി അനുഗ്രഹ പ്രഭാഷണം നടത്തി. കൂടാതെ മറിയം ത്രേസ്യ ഹോസ്പിറ്റലിലെ ഡോ. സിസ്റ്റർ ആഗ്നസ് സി.എച്ച്.എഫ്., അവാർഡ് കോ–ഓർഡിനേറ്റർ സിസ്റ്റർ ലൂമിന സി.എസ്.സി., എലിഞ്ഞിപ്ര കുടുംബാരോഗ്യകേന്ദ്രത്തിലെ ശ്രീമതി രസരഞ്ചിക എന്നിവർ പ്രസംഗിച്ചു.
2. **ചിൽഡ്രൻസ് ക്യാമ്പ്:** അവാർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ക്ലബുകളിലെ കുട്ടികളെ ഒരുമിച്ച് കൂട്ടി അതിരപ്പിള്ളി, വരന്തരപ്പിള്ളി പഞ്ചായത്തുകളിൽ അവധിക്കാല ക്യാമ്പുകൾ സംഘടിപ്പിച്ചു. സമൂഹമാധ്യമങ്ങളുടെ സ്വാധീനം, ലഹരി ഉപയോഗം, വ്യക്തിത്വ വികസനം, സർഗാത്മകത തുടങ്ങിയ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകൾ, ചർച്ചകൾ, റാലി എന്നിവ നടത്തി.
3. **ഹൈടെക് കോഴിക്കൂട് വിതരണം:** ഇന്ത്യയിലെ സന്നദ്ധ സംഘടനകളുടെ ദേശീയ കൂട്ടായ്മയായ നാഷണൽ NGO കോൺഫെഡറേഷന്റെ സാമൂഹിക സംരംഭകത്വ വികസന പരിപാടി രണ്ടാംഘട്ടം, ഹൈടെക് കോഴിക്കൂട് വിതരണം ചാലക്കുടി അവാർഡിന്റെ സഹകരണത്തോടെ നടത്തുന്നു. 12 മുട്ടകോഴികളെ വളർത്താൻ കഴിയുന്ന 8000 രൂപ വിലയുള്ള കൂടാണ് പകുതി വിലയ്ക്ക് വിതരണം ചെയ്യുന്നത്.

**ഫാ. മനോജ് കരിപ്പായി**
ഡയറക്ടർ

## സോഷ്യൽ ആക്ഷൻ

**1. അഡോപ്റ്റ് ആൻ എൻഞ്ചൽ**

ഇരിങ്ങാലക്കുട രൂപത സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ആശാനിലയം, സാന്തോം സ്പെഷ്യൽ സ്കൂളുകിലെ 156 കുഞ്ഞുങ്ങളെ സഹായിക്കാനും സാമ്പത്തികമായി സരക്ഷണം ഒരുക്കാനും ആയി ആരംഭിച്ച **അഡോപ്റ്റ് ആൻ ഏഞ്ചൽ** ഒരു മാലാഖകുഞ്ഞിനെ ദത്തെടുക്കാമോ എന്ന പദ്ധതി യിലേക്ക് കൂടുതൽ വ്യക്തികൾ സൻമനസ്സോടെ മുന്നോട്ടു വരുന്നതിന് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**സംഭാവന നൽകിയ ബെനഫാക്ടേഴ്സ്**

| | | |
|---|---|---|
| 1. | Shemmy Jolly | 2,000/- |
| 2. | Sany Sunny, Mampilly, Irinjalakuda | 10,000/- |
| 3. | Justin S. Karathra, Aripalam | 10,000/- |
| 4. | Merisha Biju, Aynikadan, Mupliyam | 2,000/- |
| 5. | Wellwisher | 1,000/- |
| 6. | Bogeswar Sharma Bagavathy, C/o. T. S. Girish Kumar Menon, SreekurumbaTemple, Kodungallur | 30,000/- |
| 7. | Jojo Varghese | 5,000/- |
| 8. | Sheeba Varghese | 10,000/- |
| 9. | Vigil P. Varghese, Padinjakara, West Chalakudy | 10,000/- |
| 10. | Biju Kolenchery, Velayanad | 10,000/- |
| 11. | Daj Davis Kanjrathingal, Nellayi | 10,000/- |
| 12. | Shanto Thazhungal, Kalvarikunnu | 10,000/- |
| 13. | Esthel Rose D/o. Sajil Thomas, Nellayi | 10,000/- |
| 14. | Athira Jomon,Thekkekara house, Urakam | 10,000/- |
| 15. | Joylet | 5,000/- |
| 16. | Sunny M. S., Mampilly, Irinjalakuda | 10,000/- |
| 17. | Jose Kochekadan | 1,000/- |
| | **Total** | **1,46,000/-** |

**2. മെഡിക്ലെയിം ഇൻഷ്വറൻസ്**

യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെ നിലവിലുള്ള ഇൻഷുറൻസ് സ്റ്റാർ ഹെൽത്തുമായി സഹകരിച്ച് സോഷ്യൽ

ആക്ഷന്റെ നേതൃത്വത്തിൽ ആരംഭിച്ച പുതിയ (വ്യക്തിഗത/ ഫാമിലി) **ഇൻഷ്വറൻസ്** പദ്ധതി മുന്നോട്ട് പോകുന്നു.

4. **SAJEEVAM**

KSSFന്റെ സഹകരണത്തോടെ കാരിത്താസ് ഇന്ത്യ "സജീവം പ്രോജെക്റ്റ്" സോഷ്യൽ ആക്ഷൻ ഫോറത്തിൽ ആരംഭിച്ചിരിക്കുന്നു. ലഹരി വിമുക്ത തലമുറയെ വാർത്തെടുക്കുന്നതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കാനും രൂപതാതലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു സമൂഹത്തെ ബോധവൽക്കരിക്കാനും വേണ്ടി 18 മാസകാലാവധി ഉള്ള ഒരു പ്രോജെക്റ്റ് ആണ് ഇത്. പ്രസ്തുത പ്രോജെക്റ്റ് വിജയകരമാക്കുന്നതിന്റെ ഭാഗമായി ഇടവകതലത്തിൽ കോർ ഗ്രൂപ്പുകൾ തിരഞ്ഞെടുക്കുന്നതാണ്. ക്ലസ്റ്റർ മീറ്റിംഗ് തൃശൂർ സാന്ത്വനം ഓഫീസിൽ മാർച്ച് 24നു നടത്തി.

5. **സേവ് എ ഫാമിലി പദ്ധതി**

സേവ് എ ഫാമിലി പദ്ധതി പൂർത്തിയായ 71 ഗുണഭോക്താക്കളുടെ കംപ്ലീഷൻ റിപ്പോർട്ട് അപ്‌ലോഡ് ചെയ്തു.

6. **നർച്ചർ പദ്ധതി**

KSSFന്റെ പ്രകൃതി പരിപോഷണം നമ്മുടെ കടമ എന്ന ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന നർച്ചർ പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർന്ന് പോകുന്നു.

7. **എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ്**

എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ് വഴി 4 പോളിസി ഉടമകൾക്ക് 72,000/- രൂപ വിതരണം ചെയ്തു.

8. **ജെ.എൽ.ജി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ**

**കാർഷിക ലോൺ**: സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ വനിതാസംരംഭമായ ഗ്രാമശ്രീയിലെ സ്വാശ്രയസംഘങ്ങളിൽപ്പെട്ട 11 ജെ.എൽ.ജി.കൾക്ക് 35 ലക്ഷം രൂപയുടെ കാർഷിക വായ്പ ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകൾവഴി അനുവദിച്ചു. പുതിയ 5 ജെ.എൽ.ജി.കൾ രൂപീകരിച്ചു.

9. **സാഫല്യം ഭവന പദ്ധതി**

സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഷഷ്ടിപൂർത്തിസ്മാരക പദ്ധതിയായ സാഫല്യം ഭവന പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഇരിങ്ങാലക്കുട രൂപതയിലെ അർഹരായ 60

പേർക്ക് ഭവനങ്ങൾ നിർമ്മിക്കാനുള്ള സഹായം ഈ പദ്ധതി വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി വഴി ഇതിനകം 46,36,000 രൂപ വിതരണം ചെയ്തു.

**10. സോളാർവാട്ടർഹീറ്റർ പദ്ധതി**

സോഷ്യൽ ആക്ഷൻ ഫോറവും റൈസൻ എനർജി സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായി നടപ്പിലാക്കിവരുന്ന സോളാർ വാട്ടർഹീറ്റർ പദ്ധതിയിൽ 100, 150, 200, 300, 500 ലിറ്റർ തുടങ്ങി വിവിധതരത്തിലുള്ള സോളാർ വാട്ടർഹീറ്റർ ക്വാളിറ്റി മോഡലുകൾ മിതമായ നിരക്കിൽ നല്കി വരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 0480-2826990, 2821875) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

**11. മിത്ര കളക്ഷൻ പദ്ധതി**

**Vguard** ഇൻവർട്ടറുകൾ തവണ വ്യവസ്ഥയിൽ ഇടവക പള്ളികൾ വഴി സ്വന്തമാക്കാൻ അവസരം ഒരുക്കിയിരിക്കുന്നു. ഇതിൽ പങ്കാളികളാകുന്നതിലൂടെ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ നിങ്ങളും പങ്കുചേരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 9745753388) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

**12. പ്രകൃതി അഗ്രകൾച്ചറൽ നഴ്സറി**

കൊറ്റനല്ലൂർ സ്ഥിതി ചെയ്യുന്ന പ്രകൃതി നഴ്സറിയിൽ ഗുണമേന്മയുള്ള തെങ്ങ്, അടക്കമരം തൈകൾ, വിവിധതരം വാഴക്കന്ന്, ഫലവൃക്ഷതൈകൾ, പൂച്ചെടികൾ, പച്ചക്കറിതൈകൾ, വിവിധയിനം ഇന്റീരിയർ ഫ്ളവേഴ്സ് ചെടികൾ മിതമായ നിരക്കിൽ വിൽക്കപ്പെടുന്നു. തൈകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ പ്രകൃതി അഗ്രകൾച്ചറൽ നഴ്സറിയുമായി ബന്ധപ്പെടുക.

ഫോൺ നമ്പർ: റീസ നിക്സൻ: 9961154497

ഫാ. തോമസ് നട്ടേക്കാടൻ: 8714134467

**ഫാ. തോമസ് നട്ടേക്കാടൻ**

ഡയറക്ടർ

# സിൽച്ചർ മിഷൻ

1. **വണക്കമാസം**

സിൽച്ചർ മിഷനിലെ വിവിധ വില്ലേജുകളിൽ വണക്കമാസാചരണത്തോടനുബന്ധിച്ച് ഭവനങ്ങളിലും പള്ളികളിലും ആഘോഷമായ ജപമാല പ്രാർത്ഥന നടത്തി. കൂടാതെ പുതിയ വില്ലേജുകളിൽ ജപമാല പ്രാർത്ഥന പരിശീലനവും പ്രത്യേക വചനശുശ്രൂഷയും സംഘടിപ്പിച്ചു.

2. **Mission Expo - 2023**

ഫിയാത്ത് മിഷന്റെ ആഭിമുഖ്യത്തിൽ തലോർ ജറുസലേം ധ്യാന കേന്ദ്രത്തിൽ നടത്തിയ ഇന്റർനാഷണൽ മിഷൻ കോൺഗ്രസ് - മിഷൻ എക്സ്പോയിൽ സിൽച്ചർ മിഷന്റെ വിവിധ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി. റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ, സി. രമ്യ സി.എച്ച്.എഫ്., സി. സീയോൻ സി.എം.സി., സി. ജൊവാൻ എഫ്.സി.സി., കാറ്റികിസ്റ്റ് ജോണൽ വിഭൂഷൻ രൂപിണി, അജിത് കുജൂർ, ജീസസ് യൂത്ത് ഇരിങ്ങാലക്കുട സബ്സോൺ ശ്രീ. വിൻസന്റ് നെടുമ്പാക്കാരൻ & ഫാമിലി, ആളൂർ ഇടവകക്കാരനായ ഷോളി അരിക്കാട്ട്, തോമസ് പേങ്ങിപറമ്പിൽ, സിജോ & ഗ്ലോറി എന്നിവർ നേതൃത്വം നൽകി.

3. **സൗജന്യ മെഡിക്കൽ ക്യാമ്പ്**

ഹെൽത്ത് കെയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കുമുളുങ്ങ് മിഷൻ സ്റ്റേഷനിലെ ഡാർക്കായ് വില്ലേജിൽ തേലാക്കുണ്ട് പ്രൈമറി ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ഡോ. മിമത്തി മുറാസിംങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. സൻജോയ് കുമാർ, ഡോ. അനുറോസ് എഫ്.സി.സി., ഫാർമസിസ്റ്റ്, ലാബ് അസിസ്റ്റന്റ്, MPW എന്നിവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. ജനറൽ നഴ്സ് ശ്രീ. ലാൽ റുത്ത്കിം ബോധവത്കരണ ക്ലാസ്സ് നടത്തുകയും ആശംസകളർപ്പിക്കുകയും ചെയ്തു. സി. ജെയ്സി മരിയ എഫ്.സി.സി.യും സി. പ്രിയങ്ക എഫ്.സി.സി.യും പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായിരുന്നു. റവ. ഫാ. ബഞ്ചമിൻ ചിറയത്ത് സ്വാഗതവും, സി. റിനറ്റ് എഫ്.സി.സി. നന്ദിയും പറഞ്ഞു. 70 പേർ പങ്കെടുത്തു.

❖ കൊവായ് മിഷൻ സ്റ്റേഷനിലെ ലങ്കാപുര വില്ലേജിൽ ലിറ്റിൽ ഫ്ളവർ സീറോ മലബാർ കാത്തലിക് ചർച്ചിൽ ബൈജൽ ബാരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ സഹായത്തോടെ സൗജന്യ

മെഡിക്കൽ ക്യാമ്പ് നടത്തി. ഡോ. ആയുഷിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം ക്യാമ്പിന് നേതൃത്വം നൽകി. റവ. ഫാ. മാർട്ടിൻ മാളിയേക്കൽ സ്വാഗതവും സി. ലിറ്റി സി.എം.സി. മെഡിസിൻ വിതരണവും നടത്തി. 80 പേർ പങ്കെടുത്തു.

❖ ചമ്പക്നഗർ മിഷൻ സ്റ്റേഷനിൽ റവ. ഡോ. അനു എഫ്.സി.സി.യുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കുമുളുങ്ങ് പ്രീസ്റ്റ് ഇൻ ചാർജ്ജ് റവ. ഫാ. ബഞ്ചമിൻ ചിറയത്ത് തിരി തെളിയിച്ച് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ചമ്പക് നഗർ മിഷൻ സ്റ്റേഷൻ ഇൻചാർജ്ജ് റവ. ഫാ. ജോയ് തറയ്ക്കൽ ഏവർക്കും സ്വാഗതവും, സി. ഗ്ലൻസി നന്ദിയും പറഞ്ഞു. 50 പേർ ക്യാമ്പിൽ പങ്കെടുത്തു.

### 4. HEALING & HEALTH CARE MINISTRY - MOBILE PALLIATIVE CARE PROJECT

| നമ്പർ | മിഷൻകേന്ദ്രം | മൊബൈൽ പാലിയേറ്റീവ് കെയർ ഗുണഭോക്താക്കൾ | മെഡിക്കൽ ക്യാമ്പ് | ഗുണ ഭോക്താക്കൾ |
|---|---|---|---|---|
| 1 | ചമ്പക്നഗർ | – | – | – |
| 2 | കമൽപൂർ | – | – | – |
| 3 | കൊവായ് | 35 | 1 | 84 |
| 4 | കുമുളുങ്ങ് | 35 | 1 | 70 |
| 5 | മനുഗട്ട് | 11 | – | – |
| 6 | മോഹൻപൂർ | 5 | – | – |
| | **ആകെ** | **86** | **2** | **154** |

### 5. തൊഴിലാളിദിനം

മെയ് 1ന് തൊഴിലാളിദിനം ആഘോഷിച്ചു. ചമ്പക്നഗർ മിഷൻ സ്റ്റേഷനിലെ തൊഴിലാളികളായ എല്ലാ പിതാക്കന്മാരെയും ആദരിക്കുകയും ഏറ്റവും പ്രായം ചെന്ന കുടുംബനാഥൻ തന്റെ തൊഴിൽ അനുഭവം പങ്കുവെയ്ക്കുകയും ചെയ്തു. റവ. ഫാ. ജോയ് തറയ്ക്കൽ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്യുകയും സി. ലിൻസി സി.എസ്.സി. അദ്ധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു.

### 6. യുവജനസംഗമം

ഏപ്രിൽ 29ന് ചമ്പക്നഗർ മിഷൻ സ്റ്റേഷനിൽ ഒരുദിവസത്തെ യൂത്ത് മീറ്റിങ്ങ് നടത്തി. പഞ്ചാബ് മിഷനിൽ നിന്നുള്ള റവ. ഫാ. ജോസഫ് യൂത്ത് മീറ്റിങ്ങിന് നേതൃത്വം നൽകി. 20 പേർ അടങ്ങുന്ന യുവജന സംഗമത്തിൽ ക്ലാസ്സ്, വിവിധതരം മത്സരങ്ങൾ, ദിവ്യകാരുണ്യ ആരാധന, വി. കുർബാന എന്നിവ നടത്തി.

7. **മിഷനെ അറിയുക മിഷനറി ആവുക**

സിൽച്ചർ മിഷനിലെ പുതിയ മിഷനറി സി. ലീൻ റോസ് എഫ്.സി.സി.യ്ക്ക് (സെന്റ് തെരെസ കോൺവെന്റ്, കുമുളുങ്ങ് മിഷൻ സ്റ്റേഷൻ) സിൽച്ചർ കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

ഇരിങ്ങാലക്കുട ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽനിന്ന് മിസ് വൽസ, കനകമല ഇടവകയിൽനിന്ന് ബ്രദർ സാബു എന്നിവർ ഒരു മാസത്തെ മിഷൻ പ്രവർത്തനത്തിനായി ചമ്പക്നഗർ മിഷൻ സ്റ്റേഷനിൽ എത്തിചേർന്നു. പ്രാർത്ഥനയിലൂടെയും വില്ലേജ് സന്ദർശനത്തിലൂടെയും മിഷൻ പ്രവർത്തനത്തിൽ പങ്കുചേർന്നു.

8. **Suari Thangsa**

കൊവായ് മിഷൻ സ്റ്റേഷനിലെ ലങ്കാപുര വില്ലേജിൽ കുട്ടികൾക്കായി മാലാഖകൂട്ടം എന്ന പരിപാടി സംഘടിപ്പിച്ചു. സി. ലിറ്റി സി.എം.സി. ഹെൽത്ത് അവയർനസ് ക്ലാസ്സ് നൽകി. 12 കുട്ടികൾ പങ്കെടുത്തു.

9. **SACRAMENTS**

| No. | Mission Station | Village | Sacrements of Initiation | Marriage |
|---|---|---|---|---|
| 1 | ചമ്പക്നഗർ | – | – | – |
| 2 | കമൽപൂർ | – | – | – |
| 3 | കൊവായ് | ലങ്കാപുര | 3 | – |
| | | റൊത്തീല | 8 | 2 |
| | | മൊണയ്ച്ചിറ | 3 | 1 |
| 4 | കുമുളുങ്ങ് | – | 7 | – |
| 5 | മനുഗട്ട് | – | – | – |
| 6 | മോഹൻപൂർ | സെന്റ് തോമസ് സീറോമലബാർ അഗർത്തല സോൺ | 1 | – |
| | | **ആകെ** | **22** | **3** |

10. **Nukhum Thangsa - കുടുംബസമ്മേളന കൂട്ടായ്മ**

2023 മാർച്ച് 26-ാം തിയ്യതി അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ച കുടുംബസമ്മേളന കൂട്ടായ്മകൾ പ്രവർത്തനമാരംഭിച്ചു.

സിൽച്ചർ മിഷനിൽ പുതിയതായി സമൂഹങ്ങളിൽ കുടുംബകൂട്ടായ്മകൾക്ക് രൂപം നൽകി. ഇടവക പ്രവർത്തനത്തിനുള്ള സജീവ പങ്കാളിത്തം, ബൈബിൾ പഠനം, മുതിർന്നവർക്കുള്ള വിശ്വാസപരിശീലനം, കുടുംബപ്രാർത്ഥനയ്ക്കും, വ്യക്തിപരമായ പ്രാർത്ഥന

യ്ക്കുമുള്ള പരിശീലനം, കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം അറിഞ്ഞ് അവർക്ക് വ്യക്തിപരമായ പരിശീലനം നൽകുക, കൂദാശകളിൽ അർത്ഥവത്തായ പങ്കാളിത്തം സാധ്യമാക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബകൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ കുടുംബ സമ്മേളന യൂണിറ്റുകളുടെയും നേതൃത്വത്തിൽ വി. കുർബാനയിലെ ബൈബിൾ വായനകൾ, പള്ളി വൃത്തിയാക്കൽ, വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള ടാബ്ലോ എന്നിവ ചെയ്തുവരുന്നു.

സെന്റ് സെബാസ്റ്റ്യൻ കാത്തലിക് ചർച്ച് മുറാബാറി: 181 അംഗങ്ങളാണുള്ളത്. ഈ സമൂഹത്തെ ഗൊൽഗോത്ത, ബെത്‌ലഹം, നസ്രത്ത്, ഗലീലി എന്നീ 4 യൂണിറ്റുകളായി തിരിച്ച് എല്ലാ ബുധനാഴ്ചകളിലും സമ്മേളനം നടത്തിവരുന്നു.

സെന്റ് അന്നമേരി കാത്തലിക് ചർച്ച് ഭദ്രായി: 45 അംഗങ്ങളുള്ള ഈ സമൂഹത്തെ സെഹിയോൻ, ഗദ്സമനി എന്നീ രണ്ട് യൂണിറ്റുകളായി തിരിച്ച് 1, 3 വ്യാഴാഴ്ചകളിൽ സമ്മേളനം നടത്തി വരുന്നു.

## 11. EVANGELIZATION AND PASTORAL CARE

| Mission Station | Village | | House Visit | | Catechumens |
|---|---|---|---|---|---|
| | Existing | New | Existing | New | |
| Chambaknagar | 4 | - | 20 | 10 | - |
| Kamalpur | - | - | - | - | - |
| Khowai | 4 | 1 | - | 50 | 10 |
| Khumulwng | 5 | 1 | 38 | 13 | 38 |
| Manughat | 14 | - | 10 | 15 | 17 |
| Mohanpur | 3 | - | 35 | 10 | 33 |
| **Total** | **30** | **2** | **103** | **98** | **98** |

## 12. സ്കൂൾ അദ്ധ്യയനവർഷം ആരംഭം

സിൽച്ചർ മിഷനിലെ വിവിധ ഉൾഗ്രാമങ്ങളിൽ എജുക്കേഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ഉന്നമനത്തിനായി മലബാർ കാത്തലിക് സ്കൂൾ എന്ന പേരിൽ വില്ലേജ് സ്കൂളുകൾക്ക് ആരംഭം കുറിച്ചു. സ്കൂൾ വിദ്യാഭ്യാസം അന്യമായിരുന്ന ഗോത്രവർഗ്ഗ കുട്ടികൾക്ക് അക്ഷരവെളിച്ചം നൽകാൻ ഗുണനിലവാരമുള്ള സ്കൂൾ ഉണ്ടാകുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ പദ്ധതിക്ക് ആരംഭം കുറച്ചത്. സുമനസ്സുകളായ അനേകരുടെ ഔദാര്യപൂർണ്ണ

മായ സഹായസഹകരണത്തോടെയാണ് കുട്ടികൾക്കായുള്ള ഈ പദ്ധതി മുന്നോട്ട് പോകുന്നത്. യൂണിഫോം, പഠനോപകരണങ്ങൾ, ക്ലാസ്സ് റൂം സംവിധാനങ്ങൾ എന്നിവയ്ക്കായി സഹായങ്ങൾ ചെയ്തുതരുന്ന എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. മലബാർ കാത്തലിക് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും ഏപ്രിൽ – മെയ് മാസങ്ങളിൽ പഠനത്തിന് തുടക്കം കുറിച്ചു.

❖ സെന്റ് സെബാസ്റ്റ്യൻ മലബാർ കാത്തലിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുറാബാറി, അഗർത്തല: 2023 ഏപ്രിൽ 17–ാം തിയ്യതി സ്കൂൾ അദ്ധ്യയനവർഷത്തിന്റെ ആരംഭം കുറിച്ചു. അന്നേദിനം സ്കൂളിന്റെ രക്ഷാകർതൃയോഗം സംഘടിപ്പിച്ചു. പി.ടി.എ. പ്രസിഡന്റ് ശ്രീ. മനോരഞ്ജൻ ദെബർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രിൻസിപ്പാൾ സി. റോസ്മി സി.എച്ച്.എഫ്. ആമുഖപ്രഭാഷണവും ശ്രീ. മൈക്കിൾ ദെബർമ്മ സ്വാഗതവും ആശംസിച്ചു. കുട്ടികൾക്ക് ആവശ്യമായ എല്ലാ പഠനോപകരണങ്ങളും അന്നേദിനം വിതരണം ചെയ്തു. എല്ലാ മാതാപിതാക്കളും സന്നിഹിതരായിരുന്നു. "കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾക്കുള്ള പങ്ക്" എന്ന വിഷയത്തെക്കുറിച്ച് സി. റോസ്മി ക്ലാസ്സെടുത്തു. 61 കുട്ടികൾ ഉള്ള സ്കൂളിൽ 7 അദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

❖ സെന്റ് പോൾസ് മലബാർ കാത്തലിക് സ്കൂൾ, ഡൊലായിസിങ്ങ് പാറ, മനുഘട്ട്: 2023 മെയ് 15ന് സെന്റ് പോൾസ് മലബാർ കാത്തലിക് സ്കൂളിന്റെ അദ്ധ്യയനവർഷം ആരംഭിച്ചു. പി.ടി.എ. മീറ്റിങ്ങ് സംഘടിപ്പിച്ചു. എസ്.കെ. പാറ ത്രിപുരയിലെ ചെയർമാൻ ശ്രീ. ശിവശങ്കർ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും ആശംസകളർപ്പിക്കുകയും ചെയ്തു. "കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും പങ്ക്" എന്ന വിഷയത്തെക്കുറിച്ച് സി. റോസ്മേരി സി.എസ്.എസ്. ക്ലാസ്സ് നടത്തി. ശ്രീ. അൻജോയ് സങ്മ സ്വാഗതവും സി. ആലീസ് സി.എസ്.എസ്. നന്ദിയും പറഞ്ഞു. 30ഓളം കുട്ടികളും 50 ഓളം മാതാപിതാക്കളും പങ്കെടുത്തു.

❖ സെന്റ് ലിറ്റിൽ ഫ്ളവർ മലബാർ കാത്തലിക് സ്കൂൾ, ഇംഗ്ലീഷ് മീഡിയം, കൊവായ് – വെഞ്ചരിപ്പ് & ഉദ്ഘാടനം: കൊവായ് മിഷൻ സ്റ്റേഷനിലെ ലങ്കാപുര വില്ലേജിൽ മെയ് 1ന് സെന്റ് ലിറ്റിൽ ഫ്ളവർ മലബാർ കാത്തലിക് സ്കൂളിന്റെ വെഞ്ചിരിപ്പ് കർമ്മം റവാ. ഫാ.

മാർട്ടിൻ മാളിയേക്കലും, യൂത്ത് മിനിസ്ട്രി എ.എ.ഡി.സി. ശ്രീ. സുഹേൽ ദെബർമ്മയും ഉദ്ഘാടനവും നിർവ്വഹിച്ചു. ബ്ലോക്ക് മെമ്പർ തപസ് ദെബർമ്മ, ചെയർമാൻ ദേവേന്ദ്ര ദെബർമ്മ, വില്ലേജ് ലീഡർ കെയ്ന ദെബർമ്മ, വാർഡ് മെമ്പർ മിഹിസ് ദെബർമ്മ, അദ്ധ്യാപിക അനിത ദെബർമ്മ, സിസ്റ്റേഴ്സ് എന്നിവർ ആശംസക ളർപ്പിച്ചു. റവ. സി. ജെസ്മി സി.എം.സി. സ്വാഗതവും, 'കുട്ടികളുടെ രൂപീകരണം' എന്ന വിഷയത്തെകുറിച്ച് ക്ലാസ്സും, ശ്രീമതി അനിത ദെബർമ്മ നന്ദിയും പറഞ്ഞു. റവ. ഫാ. മാർട്ടിൻ മാളിയേക്കൽ കുട്ടി കളെ എഴുത്തിനിരുത്തുകയും ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## 13. SHIKSHA ANDOLAN YOJANA - SAY PROGRAMME

| Mission Station Village | Name/Patron | Total Strength | Avg. Atten-dance | of month Special | Activities Beneficiaries | |
|---|---|---|---|---|---|---|
| Chambaknagar | Dhumthi<br>Naring | Marian<br>St. Antony | 20<br>25 | 3.1<br>3.2 | Health Camp<br>Growth monitering | -<br>- |
| Mohanpur | Laxmilunga | Santhom Say Centre | 90 | 20 | Literary Competition | - |
| Mohanpur | Harendra Nagar | Little Flower SAY Centre | 137 | 57 | Literary Competition | - |
| Mohanpur | New Binodini | Sanjo SAY Centre | 66 | - | - | - |
| Mohanpur | Adarini | Xaverian SAY Centre | 43 | 12 | Literary Competition | - |
| Mohanpur | Ganesh Choudhury Para | Divine Mercy SAY Centre | 58 | 21 | Literary Competition | - |
| Mohanpur | Binodini | St. Mariam Thresia SAY Centre | 29 | 10 | Literary Competition | - |
| **Total** | **7** | **7** | **468** | | **-** | |

**ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ**
കോ-ഓർഡിനേറ്റർ




## 2023 ഏപ്രിൽ

| | | |
|---|---|---|
| 21 | 06.15 am | ആളൂർ, നവചൈതന്യയിൽ വി. കുർബാന അർപ്പിച്ചു. |
| | 10.00 am | രാമനാഥപുരം രൂപതയിൽ വച്ചു നടന്ന ഇന്റർ കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 22 | | സിസ്റ്റർ സുപ്പീരിയേഴ്സ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.30 pm | തെക്കൻ താണിശ്ശേരി ഇടവകയിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| 23 – 28 | | നേപ്പാളിൽ വച്ചു നടന്ന ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. |
| 29 | 06.45 am | മൈനർ സെമിനാരിയിൽ വച്ചു നടന്ന ദൈവവിളി ക്യാമ്പിൽ വി. കുർബാന അർപ്പിച്ചു. |
| | 09.00 am | താഴെക്കാട് ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ച മൂന്ന് വീടുകളുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. |
| | 11.00 am | മാപ്രാണം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 11.30 am | ആളൂർ, ആർ.എം.എച്ച്.എസ്. പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.00 pm | അമ്പനോളി ഇടവകയുടെ ജൂബിലി വർഷ സമാപനത്തിൽ വി. കുർബാന അർപ്പിക്കുകയും മീറ്റിങ്ങ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| 30 | | കോട്ടക്കൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. |

## 2023 മെയ്

| | | |
|---|---|---|
| 01 | 06.15 am | കൂടപ്പുഴ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |

| | | |
|---|---|---|
| | 08.30 am | കുഴിക്കാട്ടുശ്ശേരി ഇടവകയിലെ കുട്ടികളുടെ ആഘോഷപൂർവ്വമായ വി. കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. |
| | 11.00 am | മെയ്ദിനത്തിൽ രൂപത കെ.എൽ.എം. ന്റെ നേതൃത്വത്തിൽ കാട്ടൂരിൽ വച്ച് നടന്ന ആഘോഷങ്ങൾക്ക് മുന്നോടിയായി വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. |
| | 03.30 pm | പെരിഞ്ഞനം, ശാലോം സദന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| 02 | 07.00 am | ആളൂർ, സെന്റ് ജോസഫ് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 09.00 am | ആളൂർ ഇടവകയിൽ ഡീക്കൻ ആൽബിന്റെ തിരുപ്പട്ടത്തോടനുബന്ധിച്ച് ഭവനത്തിൽ പ്രാർത്ഥന നടത്തി. |
| | 02.00 pm | ഹൃദയ പാലിയേറ്റീവ് കെയർ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.00 pm | കോട്ടക്കൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. |
| 03 | 09.00 am | ആളൂർ, സെന്റ് ജോസഫ് ഇടവകയിൽ ഡീക്കൻ ആൽബിൻ വടക്കേപീടികയ്ക്ക് തിരുപ്പട്ടം നൽകി. |
| | 02.00 pm | പാക്സിൽ ജൂനിയർ സിസ്റ്റേഴ്സിന് ക്ലാസ്സ് നയിച്ചു. |
| | 04.30 pm | കോട്ടക്കൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. |
| 04 | 08.30 am | കത്തീഡ്രലിൽ ആഘോഷപൂർവ്വമായ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. |
| | 03.30 pm | എലിഞ്ഞിപ്രയിൽ 'മേഴ്സി കോപ്സി'ന്റെ നേതൃത്വത്തിൽ പണിത വീടിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു. |
| | 04.00 pm | കോട്ടാറ്റ് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| 05 | 07.30 am | അരിമ്പൂർ, ഒരു സൂപ്പർ മാർക്കറ്റിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. |
| | 10.00 am | കാക്കനാട്, സെന്റ് തോമസ് മൗണ്ടിൽ ഒരു മീറ്റിങ്ങിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 04.00 pm | സെന്റ് ജെയിംസ് ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.30 pm | രാപ്പാൾ ഇടവകയിൽ പുതിയ മദ്ബഹ വെഞ്ചരിപ്പും വി. ലോനമുത്തപ്പന്റെ രൂപം പ്രതിഷ്ഠിക്കലും നിർവ്വഹിച്ചു. |
| 06 | 07.00 am | മൈനർ സെമിനാരിയിൽ Vestition സ്വീകരിക്കുന്ന ബ്രദേഴ്സുമായി കൂടികാഴ്ച നടത്തി. |
| | 09.30 am | കത്തീഡ്രലിൽ സി.എം.സി. ഉദയ പ്രോവിൻസിലെ അർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണത്തിനും പ്രഥമ വ്രതവാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു. |
| | 02.00 pm | മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ Vesitition ന്റെ ഭാഗമായി വി. കുർബാനക്ക് കാർമ്മികത്വം വഹിച്ചു. |
| | 05.00 pm | എടമുട്ടം ഇടവകയിൽ ജെ.സി.ഐ.യുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ താക്കോൽ ദാനം നിർവ്വഹിക്കുകയും മീറ്റിങ്ങ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| | 06.00 pm | ഡീക്കന്മാരുമായി കൂടികാഴ്ച നടത്തി. |
| 07 | 10.30 am | കൊന്നക്കുഴി അന്തോണിയാനം കോൺവെന്റിൽ എഫ്.സി.സി. ജനറലേറ്റിന്റെ നേതൃത്വത്തിൽ നടന്ന സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 02.30 pm | ആളൂർ, കേരളസഭ ഹാളിൽ വച്ച് നടന്ന രൂപത മദ്യവിരുദ്ധ സമിതി വാർഷികത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.00 pm | റീജന്റ് ബ്രദേഴ്സുമായി കൂടികാഴ്ച നടത്തി. |
| | 06.30 pm | കോട്ടക്കൽ ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് നടന്ന ഇടവകദിനാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| 08 | 07.00 am | പുല്ലൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 11.00 am | മാരാംകോട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 01.30 pm | കത്തീഡ്രൽ കൺവെൻഷൻ സെന്ററിൽ രൂപത മാതൃവേദി ഒരുക്കിയ അവാർഡ്ദാന ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 03.30 pm | സഹൃദയ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |

| | | |
|---|---|---|
| | 04.30 pm | കാട്ടൂർ ഇടവകയിലെ ഒരു ഭവനത്തിൽ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 05.00 pm | കോട്ടക്കൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. |
| 09 | | കുറ്റിക്കാട് ഇടവകയിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 10.00 am | മൈനർ സെമിനാരിയിൽ ഈ വർഷം ചേരാനാഗ്രഹിക്കുന്ന കുട്ടികളുടെ ഇന്റർവ്യൂ നടത്തി. |
| | 03.00 am | വിദ്യാജ്യോതിയിൽ ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയ സുവിശേഷം പകർത്തി എഴുതിയവർക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. |
| 10 | | സി.ബി.സി.ഐ. - ബാംഗ്ലൂർ |
| 11 | 11.00 am | ചാലക്കുടി, എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ സി. ധന്യ ബാസ്റ്റിന്റെ അനുസ്മരണാർത്ഥം ഒപ്പീസ് ചൊല്ലുകയും സിസ്റ്റേഴ്സിന് അനുശോചനം അറിയിക്കുകയും ചെയ്തു. |
| | 11.30 am | കൂടൽമാണിക്യം ക്ഷേത്രത്തിൽ ഉത്സവത്തോടനുബന്ധിച്ച് നടന്ന മീറ്റിങ്ങിൽ ആശംസകൾ നേർന്നു. |
| | 03.00 pm | വൈന്തല മഠത്തിൽ സി. റൊണാൾഡ് സി.എം.സി. യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | വെളയനാട് ഇടവകയിൽ ഫാ. ചാക്കോ പാറയിലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| 12 - ജൂൺ 03 | | യു.എസ്.എ. |




**2023 ജൂൺ**

| | | |
|---|---|---|
| 04 | 10.00 am | അരിപ്പാലം, മാമ്മോദീസ |
| | 05.00 pm | പോട്ട, മാമ്മോദീസ |
| | 06.30 pm | ഇരിങ്ങാലക്കുട, മതബോധനകേന്ദ്രം |
| 05 | 10.00 | കല്ലൂർ, കെ.സി.എം.എസ്. |
| 06 | | കെ.സി.ബി.സി. |
| 07 | | കെ.സി.ബി.സി. |
| 08 | 9.30 am | കുഴിക്കാട്ടുശ്ശേരി, വി. മറിയം ത്രേസ്യയുടെ തിരുനാൾ കുർബാന |
| | 03.00 pm | മൈനർ സെമിനാരി |
| 09 | 11.30 am | സെന്റ് ജെയിംസ് ട്രസ്റ്റ് |
| | 03.00 pm | സഹൃദയ ട്രസ്റ്റ് |
| 10 | 07.00 am | ആളൂർ, മാമ്മോദീസ |
| | 10.00 am | പൂവ്വത്തിങ്കൽ, ഹോളിഫാമിലി ആഫ്രിക്കൻ പ്രൊവിൻസ് ഉദ്ഘാടനം |
| 11 | 09.30 am | കടുപ്പശ്ശേരി, പുനർനിർമ്മിച്ച ദേവാലയം വെഞ്ചരിപ്പ് |
| | 03.00 pm | കോട്ടപ്പുറം, ബിഷപ്പ് കാരിക്കശ്ശേരിക്ക് യാത്രയയപ്പ് |
| 12 - 16 | | കാക്കനാട്, സിനഡ് |
| 17 | 02.30 pm | ഏകോപനസമിതി ജനറൽബോഡി |
| | 09.30 am | കണ്ണൂക്കാടൻ ട്രസ്റ്റ് |
| 18 | | സ്പിരിചാലിറ്റി സെന്റർ, ഉപവാസപ്രാർത്ഥനാദിനം |
| 20 | | പൊതുസന്ദർശകദിനം |

St. James' Hospital, Chalakudy



## FIRST TIME IN KERALA

# CEREBRAL PALSY CLINIC

### Clinic Working Hours

**Every 2nd & 4th Saturday**

**09.00 am to 11.00 am**

### Our Team

**Dr. Binoy PS**
(Hand & Micro Surgeon)

**Dr. Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr. Aaron George**
(Paediatrician & Neonatologist)

**Dr. Varghese Antony Pallan**
(Neurologist)

**Sr. Akshaya CSS**
(Physiotherapist)



For Enquires ;
+91- 480 2710 271, 2710 571

Annual Sub. 200/-

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.05.2023

RNI Registeration No. KERMAL/2014/60912

Registered Postal Registeration No. KL/IJK/34/2021-2023

Posted at R.M.S. Irinjalakuda



KALPARAMBU



IRINJALAKUDA



KODAKARA



EDATHIRUTHY





KUTTIKAD



CHALAKUDY



MALA



AMBAZHAKAD



PARAPPUKARA



PUTHENCHIRA



SILCHAR MISSION



KODUNGALLUR CHURCH

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA, THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

